**Sahyanadham**
Annual Subscription Rs. 200.00
Date of Publication: 01/08/2018

Reg. No. KL/IDK/08/16-18
RNI Reg. No KERMAL/2004/12498
Posted at Thodupuzha Stg.



Printed at St. Martha's Offset Printers, Murickassery-685 604
Editor, Printer & Publisher. Rev. Fr. James Bishop's House, Idukki - 685 602











ഇടുക്കി രൂപതയിലെ വൈദികരുടെ സഹവാസ കൂട്ടായ്മ
2018 ജൂലൈ 17 – 18 ആത്മജ്യോതി, അടിമാലി

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ

**Volume : 15**
**Issue No. : 8**
**Month : August 2018**




## ഈ ലക്കത്തിൽ


| | |
|---|---|
| ഇടയലേഖനം | 05 |
| തടവറപ്രേഷിതദിനം | 11 |
| രൂപതക്കച്ചേരി | 18 |
| ക്രിസ്തുജ്യോതി | 21 |
| വിദ്യാഭ്യാസം | 22 |
| സാമൂഹ്യസേവനം | 23 |
| തിരുബാലസഖ്യം | 28 |
| കെ.സി.എസ്.എൽ. | 29 |
| ചെറുപുഷ്പ മിഷൻലീഗ് | 32 |
| കെ.സി.വൈ.എം. | 37 |
| പ്രാർത്ഥനാഗ്രൂപ്പ് | 38 |
| കത്തോലിക്കാ കോൺഗ്രസ് | 39 |
| ആത്മജ്യോതിയിലെ പരിപാടികൾ | 42 |
| ഡി.എഫ്.സി. | 42 |
| അറിയിപ്പുകൾ | 43 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 44 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 46 |



*Patron*
**Mar John Nellikunnel**
Bishop of Idukki

*Chief Editor*
**Rev. Fr. Joseph Parackal**

*Office*
Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Blueline Cheruthony

*Website & e-mail*
www.idukkidiocese.org
curiaidukki@gmail.com


*"Every occasion is a good one to spread Christ's message!"*

*Pope Francis, Tweet, 07-07-2018*

## ഓർമ്മിക്കാൻ

### ആഗസ്റ്റ് മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | പതിനഞ്ചു നോമ്പാരംഭം, വി. അൽഫോൻസ് ലിഗോരി |
| 03 | : | തിയോളജി കോഴ്സ് പൂർവ്വവിദ്യാർത്ഥി സംഗമം, ആത്മജ്യോതി, അടിമാലി |
| 04 | : | വി. ജോൺ മരിയ വിയാനി |
| 05–10 | : | എഫാത്ത ധ്യാനം, ആത്മജ്യോതി, അടിമാലി |
| 06 | : | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| 08 | : | വി. ഡോമിനിക് |
| 10 | : | വി. ശ്മോനിയും ഏഴുമക്കളും |
| 10–12 | : | യുവജ്യോതി, ആത്മജ്യോതി, അടിമാലി |
| 11 | : | വി. ക്ലാര |
| | : | തിരുബാലസഖ്യം പ്രവർത്തനവർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റും മാർഗ്ഗരേഖാപ്രകാശനവും, രാജാക്കാട് |
| | : | സി.എം.എൽ. രൂപതാ സാഹിത്യമത്സരം |
| 13–15 | : | വിവാഹ ഒരുക്ക ധ്യാനം, ആത്മജ്യോതി, അടിമാലി |
| 14 | : | വി. മാക്സിമില്യൻ കോൾബേ |
| 15 | : | പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം |
| | : | ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| 17 | : | വി. ശിമയോൻ ബർസാബയും സഹരക്തസാക്ഷികളും |
| 17–19 | : | ഏലീശ്വാ നവോമി ധ്യാനം, ആത്മജ്യോതി, അടിമാലി |
| 21 | : | വി. പത്താംപീയൂസ് മാർപാപ്പ |
| 22 | : | സി.എം.എൽ. മേഖലാ കലോത്സവം |
| 24 | : | വി. ബർത്തലോമിയ ശ്ലീഹാ |
| 24–26 | : | വിവാഹ ഒരുക്ക ധ്യാനം, ആത്മജ്യോതി, അടിമാലി |
| 26 | : | ഏലിയ-സ്ലീവാ-മൂശക്കാലം ആരംഭിക്കുന്നു |
| 27–31 | : | അഗാപ്പെ ധ്യാനം, ആത്മജ്യോതി, അടിമാലി |
| 28 | : | വി. അഗസ്റ്റിൻ |
| | : | കെ.സി.വൈ.എം. അർദ്ധവാർഷിക കൗൺസിൽ, കരിമ്പൻ |
| 29 | : | വി. എവുപ്രാസ്യ |

**PL. 1.**

# ഇടയലേഖനം

**ദൈവകൃപയാൽ ഇടുക്കി രൂപതയുടെ മെത്രാനായ മാർ ജോൺ നെല്ലിക്കുന്നേൽ നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും സന്യാസിനീ-സന്യാസികൾക്കും അല്മായ വിശ്വാസികൾക്കും എഴുതുന്നത്.**

നമ്മുടെ കർത്താവീശോമിശിഹായിൽ നിന്ന് കൃപയും സമാധാനവും നിങ്ങൾക്കേവർക്കുമുണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ദൈവം സ്ഥാപിച്ച തിരുസ്സഭയുടെ അവിഭാജ്യഘടകമാണ് നമ്മുടെ രൂപത. ഒരു വലിയ ദൗത്യനിർവഹണത്തിനായിട്ടാണ് ദൈവം നമ്മെ ഈ രൂപതയുടെ ഭാഗമാക്കിയിരിക്കുന്നത്. നാം ഒരു കുടുംബമാണ്. ഇവിടെ ഒരു വലിയ ദൗത്യം നിർവഹിക്കാനുള്ള കടമ നമുക്കുണ്ട്. സുവിശേഷം പ്രഘോഷിക്കുക എന്ന വലിയ കടമ. നമ്മളെല്ലാവരും മിഷനറിമാരാണ്; പ്രേഷിതരാണ്. ''പരിശുദ്ധാരൂപിയെ സ്വീകരിച്ച നമ്മളെല്ലാവരും വാക്കുകളാലും പ്രവൃത്തികളാലും വിശ്വാസം പ്രചരിപ്പിക്കാൻ കടപ്പെട്ടവരാണ്'' (വത്തിക്കാൻ കൗൺസിൽ, തിരുസഭ No. 11) ''സുവിശേഷം പ്രഘോഷിക്കുന്നില്ലെങ്കിൽ, എനിക്കു ദുരിതം'' (1 കോറി. 9:16) എന്ന് വിശുദ്ധ പൗലോസ് എഴുതിയിരിക്കുന്നത് നമുക്ക് അനുസ്മരിക്കാം. അതുകൊണ്ട് മിഷനറിമാർ എന്ന നിലയിലുള്ള ദൗത്യം ഏറ്റെടുത്തുകൊണ്ട് നമുക്കു മുമ്പോട്ടു നീങ്ങാം.

രൂപതയുടെ ശക്തി കെട്ടുറപ്പുള്ള കുടുംബങ്ങളാണ്. അതുകൊണ്ട് കുടുംബങ്ങളുടെ വിശുദ്ധീകരണം നാമേവരുടെയും പ്രഥമ പരിഗണനയായിരിക്കണം. കുടുംബങ്ങളുടെ തകർച്ച, സഭയുടെ തളർച്ചയിലേക്കു വഴിവയ്ക്കുമെന്ന് എല്ലാവരും, പ്രത്യേകിച്ച് മാതാപിതാക്കളും മക്കളും മനസിലാക്കട്ടെ. കുടുംബം ആനന്ദത്തിന്റെ അന്തരീഷം നിറഞ്ഞതായിരിക്കണം. ഫ്രാൻസിസ് മാർപാപ്പ സൂചിപ്പിക്കുന്നതുപോലെ വിശുദ്ധിയുടെ അടയാളങ്ങളിൽ പ്രധാനപ്പെട്ട



ഒന്ന് ആഹ്ലാദവും അതിനോടു ചേർന്നു പോകുന്ന നർമ്മ ബോധവുമാണ്. (ആനന്ദിച്ച് ആഹ്ളാദിക്കുവിൻ No. 122). നമ്മുടെ കുടുംബങ്ങളിൽ നിന്ന് ആഹ്ലാദം പടിയിറങ്ങുകയും അമിതമായ ഉത്ക്കണ്ഠ പിടിമുറുക്കാതിരിക്കുകയും ചെയ്യാൻ ശ്രദ്ധിക്കണം. പ്രശ്നങ്ങൾ നിരവധിയുണ്ടാകാം; എങ്കിലും പ്രത്യാശ കൈവിടരുത്. മുൻ തലമുറ പകർന്നുതന്ന ത്യാഗത്തിന്റെ മാതൃക നമ്മുടെ കുടുംബങ്ങളിലുണ്ടായിരിക്കണം. ഈ തലമുറ നേരിടുന്നതിനോളം പ്രശ്നങ്ങൾ മുൻ തലമുറകൾക്കുമുണ്ടായിരുന്നു. എങ്കിലും അവർക്ക് മിശിഹായിൽ ഉറച്ച പ്രത്യാശയുണ്ടായിരുന്നു. ''ദൈവം നമ്മുടെ കൂടെയെങ്കിൽ ആരു നമുക്കെതിരു നിൽക്കും?'' (റോമ. 8:31) എന്ന ദൈവവചനം ജീവിത പ്രശ്നങ്ങളിൽ നമുക്ക് ശക്തി നൽകണമെന്ന് ഫ്രാൻസിസ് പാപ്പാ ഓർമ്മപ്പെടുത്തുന്നു (ആനന്ദിച്ച് ആഹ്ളാദിക്കുവിൻ No. 112).

കുടുംബങ്ങളിൽ ആനന്ദം നിറയാനുള്ള ഉത്തമമാർഗ്ഗം കുടുംബാംഗങ്ങളെല്ലാവരും ഒന്നുചേർന്ന് പ്രാർത്ഥിക്കുന്നതു തന്നെയാണ്. കുടുംബം നേരിടുന്ന പല പ്രശ്നങ്ങൾക്കും ഉള്ള ഉത്തരവും മരുന്നുമാണ് പ്രാർത്ഥന. ഫ്രാൻസിസ് പാപ്പാ പറയുന്നു: കോപം, ഉത്ക്കണ്ഠ എന്നിവയാൽ നമ്മൾ വിഴുങ്ങപ്പെട്ടിരിക്കുന്നു എന്നു തോന്നിയാൽ പ്രാർത്ഥനയെ മുറുകെപ്പിടിക്കണം. പ്രാർത്ഥന നമ്മളെ ദൈവകരങ്ങളിലേക്ക് അടുപ്പിക്കുന്നു. അത് സമാധാനത്തിന്റെ ഉറവിടവുമാണ് (ആനന്ദിച്ച് ആഹ്ളാദിക്കുവിൻ No. 114) കുടുംബമാകുന്ന ചെറുസഭയെ നയിക്കുന്ന വ്യക്തി എന്ന നിലയിൽ തന്റെ കുടുംബത്തിൽ കുടുംബ പ്രാർത്ഥന ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടത് ഓരോ കുടുംബനാഥന്റെയും സവിശേഷ ഉത്തരവാദിത്തമാണ്. അദ്ദേഹത്തിന്റെ ഈ ഉത്തരവാദിത്തം നിറവേറ്റുന്നതിൽ പൂർണ്ണ പിന്തുണ നൽകാൻ കുടുംബനാഥയ്ക്കും മക്കൾക്കും പ്രത്യേകം കടമയുണ്ട്. ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ഈ സന്ദർഭത്തിൽ സ്മരണീയമാണ്. ''പ്രാർത്ഥനയില്ലാത്ത വിശുദ്ധിയിൽ ഞാൻ വിശ്വസിക്കുന്നില്ല'' (ആനന്ദിച്ച് ആഹ്ളാദിക്കുവിൻ No. 147).

കെട്ടുറപ്പുള്ള കുടുംബബന്ധം വളർത്തിയെടുക്കാൻ ദമ്പതികൾ ശ്രദ്ധിക്കേണ്ടതാണ്. കുടുംബങ്ങൾക്ക് സ്ഥിരതയും ദൃഢതയും

ഉണ്ടായിരിക്കണം. വിവാഹബന്ധം താൽക്കാലികമായ കണ്ടുമുട്ടലല്ല. എന്നേക്കുമുള്ള ഉടമ്പടിയും സമർപ്പണവുമാണ്. താൻ യോജിപ്പിക്കുന്നത് മനുഷ്യൻ വേർപെടുത്തരുത് എന്നതാണ് ദൈവഹിതം. വിവാഹജീവിതത്തിന്റെ വിജയത്തിന് ത്യാഗമനോഭാവവും വിട്ടുവീഴ്ചയും കൂടിയേ തീരൂ. വിവാഹജീവിതത്തിലേക്കു പ്രവേശിക്കുന്ന തങ്ങളുടെ മക്കൾക്ക് ഈ ഗുണങ്ങളുണ്ടെന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തണം. അധ്വാനിക്കാനും പരസ്പരം സഹായിക്കുവാനും പരസ്പര ബഹുമാനത്തോടെ സംസാരിക്കാനും ചെറുപ്പം മുതലേ കുട്ടികൾക്കു പരിശീലനം നൽകണം. ''ശൈശവത്തിൽത്തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക വാർദ്ധക്യത്തിലും അതിൽ നിന്നു വ്യതിചലിക്കുകയില്ല'' (സുഭാ. 22:6) എന്ന് ദൈവവചനം നമ്മളെ പഠിപ്പിക്കുന്നു.

കുടുംബം ജീവന്റെ സംരക്ഷണ വേദിയായിരിക്കണം കൂടുതൽ ദുർബലരായവർ കൂടുതൽ സംരക്ഷണമർഹിക്കുന്നു. അത് പിറക്കാനിരിക്കുന്ന കുഞ്ഞു മുതൽ രോഗബാധിതർ, ഭിന്നശേഷിക്കാർ പ്രായമായവർ എന്നിവരിലേക്കും ചെന്നെത്തുന്ന സംരക്ഷണമായിരിക്കണം. മക്കൾ മാതാപിതാക്കളെ ബഹുമാനിക്കണം. മാതാപിതാക്കളാകട്ടെ, മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരുടെ ജീവിത സമരങ്ങളിൽ ഉറച്ചപിന്തുണ നൽകുകയും വേണം. വാർദ്ധക്യം നിരാശയുടെയോ വിരസതയുടെയോ കാലമല്ല, മറിച്ച് ധാരാളം ആദ്ധ്യാത്മിക ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള സമയമാണെന്ന് മുതിർന്നവർ മനസിലാക്കട്ടെ. മക്കളുടെ ജീവിത പുരോഗതിക്കോ കൊച്ചുമക്കളുടെ സ്വഭാവരൂപീകരണത്തിനോ തടസമാകുന്ന പിടിവാശികൾ അവർ ഉപേക്ഷിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

വിശ്വാസ പരിശീലന ക്ലാസുകൾ ഒരു നിധിയാണ്. കുട്ടികളെ വിശ്വാസ പരിശീലന ക്ലാസുകളിലേക്ക് അയക്കുന്നതിൽ വൈമുഖ്യം കാണിക്കരുത്. ഇടവക വികാരിമാർ, വിശ്വാസ പരിശീലനരംഗത്ത് ഗൗരവമായ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. വിശ്വാസ പരിശീലനം സ്ത്രീകളുടെ മാത്രം പ്രവർത്തന രംഗമല്ല. കൂടുതൽ പുരുഷന്മാർ



വിശ്വാസ പരിശീലന രംഗത്തേക്കു കടന്നുവരണം. നിലവിൽ ഇടവകകളിൽ വിശ്വാസ പരിശീലകരായി പ്രവർത്തിക്കുന്ന ഏവരെയും അനുമോദിക്കുന്നു. കുട്ടികളേ, വിശ്വാസ പരശീലനത്തിൽ നിന്ന് ഒഴിഞ്ഞുമാറാനും ഓടിയകലാനും നിങ്ങളെ പ്രേരിപ്പിക്കുന്നത് എന്തായാലും ദൈവമല്ല എന്നുറപ്പാണ്. എന്തെന്നാൽ ആരും തന്റെ പക്കൽ നിന്ന് അകന്നു പോകണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. ''ശിശുക്കൾ എന്റെ അടുക്കൽ വരാൻ അനുവദിക്കുവിൻ, അവരെ തടയരുത്'' (ലൂക്കാ 18:16) എന്ന വചനം വിശ്വാസ പരിശീലന രംഗത്തെ സംബന്ധിച്ച് ഏറെ പ്രസക്തമാണ്.

ഇടവകയിലെ ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലമാകണം. ബഹുമാനപ്പെട്ട വൈദികരുടെ തീക്ഷ്ണതയും കരുതലും ഭക്തസംഘടനകളുടെ വളർച്ചയെ സഹായിക്കും. അവരുടെ നിർദ്ദേശങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ച് ഭക്തസംഘടനകളിൽ അംഗമാകുകയും അവയെ പരിപോഷിപ്പിക്കുകയും ചെയ്യണം. പ്രിയപ്പെട്ട യുവജനങ്ങളേ, നിങ്ങൾ ദൈവത്തിനു പ്രിയപ്പെട്ടവരും സഭയ്ക്കു വിലപ്പെട്ടവരുമാണ്. ദൈവം നിങ്ങളിലൂടെ ഈ കുടിയേറ്റ ഭൂമിയിൽ വൻകാര്യങ്ങൾ ചെയ്യാനാഗ്രഹിക്കുന്നു. അതിനാൽ നിങ്ങൾ നിങ്ങളുടെ ജീവിതത്തെ സഭയിലൂടെ ഈശോയുടെ കൈകളിൽ വച്ചുകൊടുക്കണം. ''ദൈവത്തോട് സമ്മതം മൂളാൻ (to say 'Yes' to God) നിങ്ങൾ ഭയപ്പെടേണ്ട'' എന്ന് ഫ്രാൻസിസ് പാപ്പാ യുവജനങ്ങളോടു പറഞ്ഞത് നമുക്കോർമ്മിക്കാം. യുവജനങ്ങളോട് ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ ആഹ്വാനമിപ്രകാരമാണ്. ''നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളുടെ തലമുറയെക്കാൾ കൂടുതൽ ആഴത്തിൽ വിശ്വാസത്തിൽ വേരുറച്ചവരാകണം'' (Introduction to You Cat). യുവജനങ്ങളുടെ സഭാത്മക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും നയിക്കുകയും ചെയ്യണമെന്ന് ബഹു. വൈദികരോടും മാതാപിതാക്കളോടും ഞാൻ അഭ്യർത്ഥിക്കുന്നു. യുവജനങ്ങൾ നേതൃത്വശേഷി വളർത്തണം, നല്ല ഒരു ജീവിതം കെട്ടിപ്പടുക്കണം, പൊതുരംഗത്തിടപെടണം, അവർ വിവിധ മത്സരപ്പരീ

ക്ഷകളിൽ പങ്കെടുക്കുകയും സർക്കാർ സർവീസിലേക്കു കൂടുതലായി കടന്നുവരുകയും ചെയ്യേണ്ടത് ആവശ്യമാണ്. ദൈവസ്നേഹവും നീതിബോധവുമുള്ള ഒരാളുടെ സാന്നിദ്ധ്യംപോലും സേവനരംഗങ്ങളെ വളരെയേറെ ശുദ്ധീകരിക്കും.

ഹൈറേഞ്ചിലെ വരും തലമുറകളുടെ ഭാവി നല്ല വിദ്യാഭ്യാസം നേടുന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. അതുകൊണ്ട് നമുക്ക് നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യാം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമുക്കു കൂടുതലായുണ്ടാകണമെങ്കിൽ ആ നിലയിലും നല്ല ഉദ്യമങ്ങൾ നടക്കേണ്ടതാണ്. വിദ്യാർത്ഥികളും യുവജനങ്ങളും നന്നായി പ്രാർത്ഥിച്ച്, ആഴത്തിൽ പരിചിന്തനം ചെയ്ത് ഇക്കാലഘട്ടത്തിന്റെ ആവശ്യങ്ങളും സാധ്യതകളും പരിഗണിച്ച്, ശരിയായ ഉന്നത വിദ്യാഭ്യാസം നേടുകയെന്നത് പരമപ്രധാനമാണ്. ഉന്നത വിദ്യാഭ്യാസവും ഉയർന്ന ജോലിയുമുള്ളവർക്ക് ഈ രംഗത്ത് വലിയ സംഭാവനകൾ ചെയ്യാനുള്ള കടമയുണ്ട്. നാമേവരും കൂട്ടായി പരിശ്രമിച്ചാൽ മാത്രമേ പുരോഗതിയുണ്ടാവൂ. ദൈവവിളി പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷം കുടുംബങ്ങളിൽ ഉണ്ടാകണം. വൈദിക- സന്യസ്ത ജീവിതാന്തസുകളിലേക്ക് ധാരാളംപേർ കടന്നു വരണം. ദൈവം വിളിക്കുന്നതു കേൾക്കാൻ യുവജനങ്ങൾ മനസിനെ പരുവപ്പെടുത്തണം. ദൈവം വിളിക്കുന്നവരെ തടയാതിരിക്കാനുള്ള വിവേകം ചുറ്റും നിൽക്കുന്നവർക്കുണ്ടാകണം. സമൂഹമാധ്യമങ്ങളും സ്ഥാപിത താൽപര്യക്കാരും ഉയർത്തുന്ന ബഹളത്തിനിടയിലും ദൈവത്തിന്റെ സ്വരം മുങ്ങിപ്പോകുന്നില്ല. മറിച്ച്, ''എന്നെ അനുഗമിക്കുക'' എന്ന ഈശോയുടെ ക്ഷണം കൂടുതൽ ഉച്ചത്തിലാവുകയാണ്.

ഹൈറേഞ്ച് പ്രദേശം നിരവധി കാർഷിക പ്രശ്നങ്ങളിൽപ്പെട്ടുഴലുകയാണെന്നത് വേദനാജനകമാണ്. വിളനാശം, വിലത്തകർച്ച, വന്യമൃഗങ്ങളുടെ ആക്രമണം, പ്രകൃതി ദുരന്തങ്ങൾ പട്ടയപ്രശ്നങ്ങൾ, ഭൂമി സംബന്ധമായ ഇതര പ്രശ്നങ്ങൾ എന്നിവ നമ്മളെല്ലാവരെയും വലയം ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ ജനങ്ങളും



രാഷ്ട്രീയപാർട്ടികളും സർക്കാരും കൂട്ടായി ചർച്ച ചെയ്ത് യാഥാർത്ഥ്യ ബോധത്തോടെ ഉറച്ച തീരുമാനങ്ങളെടുത്ത് നടപ്പിലാക്കണം.

ആന്തരികവും ബാഹ്യവുമായ ക്ലേശങ്ങളിൽപ്പെട്ടു കഴിയുന്നവരായ നമ്മളിലാരും ഭയപ്പെടുകയോ ഭഗ്നാശരാകുകയോ ചെയ്യരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എന്തെന്നാൽ ''രക്ഷ നൽകാനായി ദൈവം എഴുന്നേൽക്കും'' എന്ന പ്രത്യാശ നമുക്കുണ്ടായിരിക്കണം. ''ആശ്വസിപ്പിക്കുവിൻ, എന്റെ ജനത്തെ സമാശ്വസിപ്പിക്കുവിൻ'' (ഏശ. 40:1) എന്ന് ഏശയ്യാ പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്യുന്നു. ''ദുരിതമനുഭവിക്കുന്ന തന്റെ ജനത്തോട് അവിടുന്ന് കരുണ കാണിക്കും'' (ഏശ. 49:13). ''ലോകത്തിൽ നിങ്ങൾക്ക് ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു'' (യോഹ. 16:33) എന്ന ഈശോയുടെ വാക്കുകൾ നമുക്കു ശക്തിപകരട്ടെ. നിങ്ങളേവരും എനിക്കായി പ്രാർത്ഥിക്കണം. നിങ്ങളുടെ വേദനകളും ദുഖങ്ങളും പ്രാർത്ഥനയിൽ ഞാൻ എന്റേതു കൂടിയാക്കുന്നു. നിങ്ങളുടെ നിർമ്മലമായ സന്തോഷങ്ങളിൽ ആത്മീയമായി ഞാനും പങ്കുചേരുന്നു. 'ദൈവഭക്തിയുള്ള കുടുംബം - സാക്ഷ്യം വഹിക്കുന്ന സഭ' എന്ന ലക്ഷ്യം വച്ച് നമുക്കൊരുമിച്ച് പ്രാർത്ഥനാപൂർവ്വം തീർത്ഥാടനം തുടരാം. ദൈവം നിങ്ങളേവരെയും അനുഗ്രഹിക്കട്ടെ.

എന്ന്

ഇടുക്കി രൂപത മെത്രാസന മന്ദിരത്തിൽ നിന്ന്

\+ മാർ ജോൺ നെല്ലിക്കുന്നേൽ

ഇടുക്കി രൂപതാ മെത്രാൻ

**NB:** ഈ ഇടയലേഖനം ആഗസ്റ്റ് 5/12-ാം തിയതി ഞായറാഴ്ച ഇടുക്കി രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

C. 16. **സർക്കുലർ**

# തടവറ പ്രേഷിതദിനം

## 2018 ആഗസ്റ്റ് 12 ഞായർ

**കെ.സി.ബി.സി. ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറപ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ പങ്കു ചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ.**

കർത്താവിൽ പ്രിയപ്പെട്ട സഹോദരി സഹോദരന്മാരേ,

2018 ആഗസ്റ്റ് മാസം 12-ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനുവേണ്ടി സ്വജീവൻ ബലിയർപ്പിക്കാൻ മുന്നോട്ട് വന്ന വിശുദ്ധ മാക്സ്മില്യൺ മരിയ കോൾബേയാണ് തടവറ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14-ന് മുൻപ് വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിതദിനമായി കേരളസഭ കൊണ്ടാടുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ അഭിവന്ദ്യ പിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് പ്രിയപ്പെട്ടവനാക്കുന്ന കാര്യമാണ്. ബന്ധനങ്ങളിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും നമ്മെ ഓരോരുത്തരെയും സജ്ജമാക്കുക എന്നതാണ് ഇന്നത്തെ ദിനാചരണം ലക്ഷ്യമാക്കുന്നത്.

2018 ജനുവരി ചൊവ്വാഴ്ച ഉച്ചതിരിഞ്ഞ് ഫ്രാൻസിസ് മാർപാപ്പ സാന്തിയാഗോ ദെ ചിലിയിലെ വനിത ജയിൽ സന്ദർശിച്ച് നൽകിയ സന്ദേശത്തിൽ അവരോട് ഇപ്രകാരം പറയുകയുണ്ടായി. "നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുക എന്നാൽ, നമ്മുടെ പ്രത്യാശ



കളും സ്വപ്നങ്ങളും നഷ്ടപ്പെടുത്തുക എന്നല്ല അർത്ഥം. സ്വപ്നം കാണാനുള്ള കഴിവ് നഷ്ടപ്പെടുത്തുക എന്നും ഇതിനർത്ഥമില്ല. നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നത് നമ്മുടെ അന്തസ്സ് നഷ്ടമാകുന്നതിന് തുല്യമല്ല. അത് ഒരേ കാര്യമല്ല. അന്തസ്സ് സ്പർശിക്കപ്പെടരുത്. അത് പരിരക്ഷിക്കപ്പെടണം, സംരക്ഷിക്കപ്പെടണം. അതിനോട് ആർദ്രത കാണിക്കണം. ഒരാൾക്ക് ജീവിതത്തിൽ ഉണ്ടാകുന്ന വീഴ്ചയുടെ പേരിൽ അയാളുടെ അന്തസ്സ് നിഷേധിക്കപ്പെടരുത് എന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. അതനുസരിച്ച് പുനരുദ്ഗ്രഥന പ്രക്രിയയിലൂടെ, പ്രത്യാശയും സ്വപ്നങ്ങളും നിറഞ്ഞ മനുഷ്യരാക്കി മാറ്റാൻ വേണ്ടുന്ന ഒരുക്കങ്ങൾ നടത്താനുള്ള ബാധ്യതയും കടപ്പാടും സമൂഹത്തിനുണ്ട്. ഭാവി പ്രതീക്ഷകൾ ഇല്ലാത്ത ഒരു ജയിൽ ശിക്ഷ മനുഷ്യത്വമുള്ള ഒരു ശിക്ഷാവിധിയല്ലെന്നും അങ്ങനെയുള്ളത് ഒരു പീഡനമാണെന്നും ഓരോ ശിക്ഷാവിധിയും അവരുടെ പുനരുദ്ഗ്രഥനത്തിനും ഇന്നത്തെ സമൂഹവുമായുള്ള പുനർസംയോജനത്തിനുമുള്ള അവസരങ്ങൾ നല്കുന്നതുമാകണമെന്ന് പരിശുദ്ധ പിതാവ് പറയുന്നത് ചിന്തനീയമാണ്.

ജയിലുകളിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങളിൽ യേശുവിന്റെ മുഖം കാണണം. മനുഷ്യന്റെ ജീവിതത്തിൽ ഉണ്ടാകുന്ന വീഴ്ച ഒരിക്കലും അവന്റെ അന്തസ്സും, അവനിലെ ദൈവികതയും പൂർണ്ണമായും നശിപ്പിക്കുന്നില്ല. 'തടവുകാരുടെ കൂടെയാണ് യേശു, പുറത്തല്ല' എന്നാണ് ഫ്രാൻസിസ് മാർപാപ്പ പറയുന്നത്. "ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു" (മത്താ. 25:26) നമ്മെ നിത്യസമ്മാനത്തിന് അർഹമാക്കുന്ന കാരുണ്യപ്രവൃത്തികളിൽ ഒന്നാണിത്. "കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും വിലപിക്കുന്നവർക്ക് സമാശ്വാസം നൽകാനും എന്നെ അയച്ചിരിക്കുന്നു" (ഏശ. 61:1-2). ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള ഈ ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത് (ലൂക്ക. 4:8). തടവറയിൽ കഴിയുന്ന മക്കളോട് ഐക്യ

ദാർഢ്യം പ്രഖ്യാപിക്കുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. "ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെ ആവശ്യം ഞാൻ വന്നിരിക്കുന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ പശ്ചാത്താപത്തിലേക്ക് ക്ഷണിക്കാനാണ്" (ലൂക്ക. 5: 31-32) എന്ന് ക്രിസ്തുനാഥൻ പറയുമ്പോൾ ജീവിതത്തിൽ വീഴ്ച സംഭവിച്ചവർക്ക് നമ്മൾ എത്രത്തോളം ശ്രദ്ധ കൊടുക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഏകാന്തതയുടെ അനുഭവത്തോടെ ജീവിക്കാൻ പ്രയാസമാണ്. ഏകാന്തത ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് ജയിലുകളിലാണ്. ഈ തടവറ പ്രേഷിതദിനത്തിൽ 'നീ ഒറ്റയ്ക്കല്ല' എന്ന വിഷയവുമായി തടവറ മക്കളുടെ ജീവിതത്തിലേക്ക് സഭ നമ്മെ നയിക്കുകയാണ്. ഈ ശുശ്രൂഷാ മേഖലയിലൂടെ ഓരോ ബന്ധനസ്ഥനോടും നീ ഒറ്റയ്ക്കല്ല എന്ന് പ്രഖ്യാപിക്കാൻ സഭ ആഗ്രഹിക്കുന്നു.

ഇന്ത്യൻ ജയിലുകളിൽ നാലേകാൽ ലക്ഷത്തിനടുത്ത് തടവുകാർ ഉണ്ടെന്നാണ് കണക്ക്. വിചാരണത്തടവുകാരിൽ 60 ശതമാനത്തോളം നിരപരാധികളാണെന്നും കണക്കാക്കപ്പെടുന്നു. കേരളത്തിന്റെ കാര്യവും വ്യത്യസ്തമല്ല. ഏകദേശം 8,000 തടവുകാരിൽ 3465 പേർ ഒരു കുറ്റവും ചെയ്യാതെ ജയിലിൽ കഴിയുന്നവരാണെന്ന് മാധ്യമങ്ങൾ രേഖപ്പെടുത്തുന്നു. വിചാരണ നേരിടാൻ വേണ്ടി തടവിലാക്കപ്പെട്ടവരെ കുറ്റവാളികൾ എന്ന് മുദ്രകുത്തുന്ന പ്രവണത ഇന്ന് ഏറിവരുകയാണ്. കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്ക് കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് ഭൂരിഭാഗം ആളുകളും. കുറ്റങ്ങൾ കുറയ്ക്കാൻ അതാണ് വേണ്ടതെന്ന് അവർ കരുതുന്നു. പ്രത്യേകിച്ച് , ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികൾക്കെതിരെ ഒരു പ്രതികാര മനോഭാവം ഉണർത്തുന്നു. ഈ സാഹചര്യത്തിൽ കുറ്റം ചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണം എന്തായിരിക്കണം? ഉത്തരം ഇതാണ് : സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണം.



ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെ സംബന്ധിച്ച പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ ( Gaudete et Exsultate No. 98 ) ക്രൈസ്തവ വിശുദ്ധിയിലേയ്ക്കുള്ള വളർച്ചയെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്, "തണുപ്പുള്ള ഒരു രാത്രിയിൽ വെളിമ്പുറത്ത് കിടന്നുറങ്ങുന്ന ഒരു വ്യക്തിയെ ഞാൻ കണ്ടുമുട്ടിയാൽ ആ വ്യക്തിയെ ഒരു ശല്യമായോ, അലസനായോ, എന്റെ വഴിയിലുള്ള ഒരു തടസ്സമായോ, മനസ്സാക്ഷിക്കുത്തുളവാക്കുന്ന കാഴ്ചയായോ, രാഷ്ട്രീയക്കാർ പരിഹരിക്കേണ്ട പ്രശ്നമായോ അല്ലെങ്കിൽ പൊതുസ്ഥലത്തെ ഒരു കൂനയായി പോലുമോ എനിക്ക് കാണാൻ കഴിയും. അല്ലെങ്കിൽ, ആ വ്യക്തിയിൽ, എന്റേതിനോടു തുല്യമായ മഹത്ത്വമുള്ള ഒരു മനുഷ്യവ്യക്തിയെ, പിതാവിനാൽ അനന്തമായി സ്നേഹിക്കപ്പെടുന്ന ഒരു വ്യക്തിയെ, ദൈവത്തിന്റെ ഒരു പ്രതിഛായയെ, യേശുക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ട ഒരു സഹോദരനെ അല്ലെങ്കിൽ സഹോദരിയെ കണ്ട് എനിക്ക് വിശ്വാസത്തോടും പരസ്നേഹത്തോടും കൂടി പ്രത്യുത്തരിക്കാൻ സാധിച്ചാൽ അതാണ് വിശുദ്ധി. ഓരോ മനുഷ്യനിലും ദൈവിക മഹത്ത്വം കാണാനും അംഗീകരിക്കാനും സാധിക്കണം. കാരുണ്യമാണ് "സുവിശേഷത്തിന്റെ തുടിക്കുന്ന ഹൃദയം". തടവറയിൽ ആയിരിക്കുന്നവരുടെ മഹത്ത്വം ആ ഹൃദയത്തോടെ അംഗീകരിക്കാൻ നമുക്ക് സാധിക്കണം.

ലോകത്തെ സ്നേഹിക്കാനും അതിനെ താൻ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്നു കാണിക്കാനും അവിടുന്ന് നമ്മെ ആശ്രയിക്കുന്നു. നാം നമ്മെപ്പറ്റിത്തന്നെ അമിത താത്പര്യമുള്ളവരായാൽ മറ്റുള്ളവർക്ക് വേണ്ടി ചെലവഴിക്കാൻ നമുക്ക് സമയം ഉണ്ടായിരിക്കുകയില്ല എന്ന് പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. തടവറയിൽ കഴിയുന്നവർ നമുക്ക് അന്യരും വെറുക്കപ്പെട്ടവരും സമൂഹത്തിന്റെ മുഖ്യധാരകളിൽ നിന്ന് എന്നന്നേക്കുമായി മാറ്റിനിറുത്തപ്പെട്ടവരും അല്ല; നമ്മുടെ കരുതലും ശ്രദ്ധയും സാന്നിദ്ധ്യവും അർഹിക്കുന്നവരും പ്രത്യാശ നിറഞ്ഞ ഒരു ജീവിതത്തിലേക്ക് നമ്മൾ

കൈപിടിച്ച് നടത്തേണ്ടവരും ആണെന്ന് തിരുസ്സഭയും പരിശുദ്ധ പിതാവും നമ്മെ ഓർമ്മിപ്പിക്കുന്നു.

"യേശുസാഹോദര്യകൂട്ടായ്മ (ജീസസ് ഫ്രട്ടേണിറ്റി) യുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 32 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബ്ബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരളകത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങളും സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 32 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി എട്ട് എണ്ണം കുട്ടികൾക്കും വേണ്ടിയുമാണ് പ്രവൃത്തിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ തന്നെ യേശുസാഹോദര്യകൂട്ടായമയ്ക്ക് മാത്രമാണുള്ളത്. 2500-ൽപ്പരം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യകൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുകാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള



സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് 200-ൽപ്പരം യുവതീയുവാക്കളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും സോണുകളുടെ നേതൃത്വത്തിൽ സമ്മർ ക്യാമ്പുകൾ സംഘടിപ്പിച്ച് അവരുടെ സമഗ്ര വളർച്ചയ്ക്ക് വേണ്ടുന്ന ക്ലാസ്സുകളും പഠനോപകരണങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. തടവറയിൽ കഴിയുന്നവരുടെ മക്കളുടെ പഠനനാളുകളിൽ ആവശ്യമായ എല്ലാ ചെലവുകളും യേശുസാഹോദര്യകൂട്ടായ്മയുടെ നേതൃത്വത്തിൽ വഹിക്കപ്പെടുന്നു. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 32 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46-ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യ ത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

പി.ഒ.സി., കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയത്തിൽ നിന്ന്.

2018 ആഗസ്റ്റ് 12-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപന ങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശ ദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.





# രൂപതക്കച്ചേരി

## C. 47/18 Proto Syncellus & Syncellus

The following areas of ministries are assigned to Proto Syncellus and Syncellus:

**Proto Syncellus**

Curia, Religious, Pious Associations, Ongoing Formation of the Clergy, Mission Appeal, Social Service , Pavanatma College, Karuna Hospital, Schools, Professional Education.

Foranes : Churuly, Erattayar, Thankamany, Vellayamkudy &Vazhathope

**Syncellus**

Priests, Minor Seminary, Provident Fund, Mar Sleeva College, Unaided Schools, Jyotis ITC, Jeevan Tea.
Foranes : Rajakad, Vellathooval, Parathode, Koompanpara & Nedumkandam.

*Bishop*

## C. 48/18 Appointments

1. Rev. Fr. Philip Mattam -Administrator, Vianney Bhavan
   Director, Madona Singles Apostolate (additional)
2. Rev. Fr. Mathew Thottiyil-Local Superior, Vianney Bhavan
3. Rev. Fr. Sebastian Vadakkel-Director of Diocesan Bookstall.

*Bishop*

### C. 49/18 Newly Constituted Public Relation Committee

Msgr. Jose Plachickal (Convenor)
Rev. Fr. Jose Karivelickal
Rev. Fr. Francis Koloth
Rev. Fr. James Punnaplackal
Rev. Fr. Scaria Urumbil
Mr. Shaji Vaikathuparambil
Mr. Binoy Madathil
Mr. Joseph Kurian Erambadam
Mr. Shaji Eazhakunnel

*Bishop*

### C. 50/18 Eparchial Cell for the Protection of the Rights of Children and Vulnerable Adults

1. Rev. Fr. Sebastian Kochupurackal (Chairman)
2. Rev. Fr. Jose Marattil
3. Rev. Sr. Beena Chettaniyil SABS

*Bishop*

### C. 51/18 പ്രത്യേക ശ്രദ്ധയ്ക്ക്

ജൂലൈ 17, 18 തിയതികളിൽ അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ നടന്ന സഹവാസകൂട്ടായ്മയുടെയും ജൂലൈ 25-ാം തിയതി രൂപതാ കാര്യാലയത്തിൽ കൂടിയ വൈദിക സമിതി യുടെയും നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ താഴെ ചേർക്കുന്ന കാര്യ ങ്ങളിൽ ബഹു. വൈദികർ ഗൗരവമായ ശ്രദ്ധ പുലർത്തേണ്ടതാ ണെന്ന് ഓർമ്മിപ്പിക്കുന്നു.

1. നിർമ്മാണ പ്രവർത്തനങ്ങൾക്കായി സമർപ്പിക്കുന്ന അപേക്ഷക ളിൻമേൽ നിർമ്മാണക്കമ്മിറ്റി സ്ഥലം സന്ദർശിച്ച് ശിപാർശ നൽകു കയും അതിന്റെ അടിസ്ഥാനത്തിൽ രേഖാമൂലം അനുവാദം നൽ കുകയും ചെയ്തതിനു ശേഷമേ പണി ആരംഭിക്കാവൂ.



2. ഇടവകയിലെ കുർബാനകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നൊവേന തുടങ്ങിയ ഭക്ത്യാഭ്യാസങ്ങൾ ആരംഭിക്കുന്നതിനും രൂപതാക്കച്ചേരിയിൽ നിന്ന് രേഖാമൂലം അനുവാദം വാങ്ങിയിരി ക്കണം.
3. തിരുനാളാഘോഷങ്ങൾക്ക് നാസിക് ഡോൾ ഉപയോഗപ്പെടുത്തു ന്നവരുണ്ടെങ്കിൽ വാദ്യക്കാർ ദൈവാലയന്തരീക്ഷത്തിനു യോജിച്ച വിധം പെരുമാറുന്നവരും മാന്യമായ വസ്ത്രധാരണരീതി അവലം ബിച്ചിട്ടുള്ളവരാണെന്നും ഉറപ്പുവരുത്തണം.
4. ദുരിതാശ്വാസ പ്രവർത്തനങ്ങൾ രൂപതയുടെ സാമൂഹ്യസേവന വിഭാഗവുമായി ഏകോപിച്ച് ചെയ്യാൻ ശ്രദ്ധിക്കണം.

*Bishop*

### C. 52/18 മാർ സ്ലീവാ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

നമ്മുടെ രൂപതയിലെ അൽമായർക്ക് ദൈവശാസ്ത്രം പഠി ക്കുന്നതിനുള്ള അവസരമൊരുക്കുന്ന മാർ സ്ലീവാ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് കഴിയുന്നത്ര ആളുകളെ പറഞ്ഞയയ്ക്കാൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ. വിശ്വാസപരിശീലന രംഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്നവരെയും ഭാവിയിൽ പ്രവർത്തി ക്കാൻ കഴിയുന്നവരെയും കൂടാതെ യുവജനങ്ങളെയും ഈ കോഴ്സിൽ പങ്കെടുപ്പിക്കുന്നത് നല്ലതാണ്. സഭയോടൊത്തു ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു തലമുറയെ രൂപപ്പെടുത്താൻ ഇതുവഴി സാധിക്കും.

*Bishop*

### C. 53/18 യുവവൈദികരുടെ വാർഷിക സെമിനാർ

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന യുവവൈദികർ ക്കായി 2018 നവംബർ 19, 10.30 am മുതൽ നവംബർ 21, 4.00 pm വരെ അടിമാലി ആത്മജ്യോതിയിൽ വച്ച് സെമിനാർ നടത്തുന്നു.

2012 ജനുവരി 31 ന് ശേഷം തിരുപ്പട്ടം സ്വീകരിച്ച എല്ലാ വൈദികരും പ്രസ്തുത സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

*Bishop*

**C. 54/18 രൂപതക്കച്ചേരി ദിവസങ്ങൾ**

സഹവാസകൂട്ടായ്മയിൽ ഉയർന്നു വന്ന നിർദ്ദേശപ്രകാരം ചൊവ്വ, വെള്ളി ദിവസങ്ങൾ രൂപതക്കച്ചേരി ദിവസങ്ങളായി നിശ്ചയിച്ചിരിക്കുന്ന വിവരം അറിയിക്കുന്നു.

*Proto-syncellus*

**C. 55/18 Monthly Recollection for Priests**

മെയ് മാസത്തെ പഠനവിഷയം: ഇടുക്കി രൂപതാ നിയമാവലി 266 മുതൽ 300 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto-syncellus*

**C. 56/18 തിരുനാൾ മംഗളങ്ങൾ**

| | |
|---|---|
| റവ. ഫാ. ഡോമിനിക് കോയിക്കൽ | ആഗസ്റ്റ് 8 |
| റവ. ഫാ. ഡോമിനിക് കാരിവേലിൽ | ” |
| റവ. ഫാ. അഗസ്റ്റിൻ കുത്തനാപ്പള്ളിൽ | ആഗസ്റ്റ് 28 |

*Bishop*

## ക്രിസ്തുജ്യോതി

**CJ. 55/18 മതാദ്ധ്യാപകരുടെ സ്റ്റഡിഫോറം**

മതാദ്ധ്യാപകരുടെ സ്റ്റഡിഫോറവും പ്രാർത്ഥനാദിനവും ആഗസ്റ്റ് 19-നാണ് നടത്തേണ്ടത്. ‘‘വിശ്വാസവഴിയിലെ സംശയങ്ങൾ’’ എന്ന ഗ്രന്ഥത്തിലെ ഭാഗം 1-ലെ 33 ചോദ്യോത്തരങ്ങളാണ് പഠന ഭാഗം. നാലു ചോദ്യങ്ങൾ വീതം ഓരോ മാസവും പഠനവിഷയമായി അവതരിപ്പിച്ച് 8 മാസം കൊണ്ട് അത് പൂർത്തിയാക്കാം. തുടർന്നുള്ള II, III ഭാഗങ്ങൾകൂടി ടീച്ചേഴ്സ് ക്വിസിന് Private Study ക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആ ഭാഗങ്ങൾ രണ്ട് മാസങ്ങളിൽ ചർച്ചയ്ക്ക് എടുക്കാവുന്നതാണ്.



**CJ. 56/18 സ്റ്റാഫ് സ്റ്റേറ്റുമെന്റ്**

സ്റ്റാഫ് സ്റ്റേറ്റുമെന്റ് നൽകാത്ത ഇടവകകൾ എത്രയും വേഗം അവ ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കേണ്ടതാണ്.

**CJ. 57/18 യുവജ്യോതി**

സഭ ഈ വർഷം യുവജനവർഷമായി ആചരിക്കുന്നതിനോടനുബന്ധിച്ച് നമ്മുടെ രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന യുവമതാദ്ധ്യാപകർക്കായി ഒരു പുരസ്കാരം നല്കാൻ ഉദ്ദേശിക്കുന്നു. മൂന്നു ദിവസത്തെ ക്യാമ്പിൽ പൂർണ്ണമായി പങ്കെടുക്കുന്ന യുവമതാദ്ധ്യാപകരുടെ ഇടയിൽ നിന്നുമാണ് പ്രതിഭകളെ തിരഞ്ഞെടുക്കുന്നത്. ആഗസ്റ്റ് 10-ാം തിയതി 5.00 pm മുതൽ 12-ാം തിയതി 3.00 pm വരെ അടിമാലി ആത്മജ്യോതിയിൽ വെച്ചു നടക്കുന്ന മൂന്നു ദിവസത്തെ ക്യാമ്പിൽ ഓരോ ഇടവകയിൽനിന്നും തിരഞ്ഞെടുത്ത് അയയ്ക്കുന്ന 25 വയസിൽ താഴെയുള്ള അല്മായരെയാണ് പരിഗണിക്കുന്നത്. ഒരു ഇടവകയിൽനിന്നും ഒരു യുവാവിനും ഒരു യുവതിക്കുമാണ് അവസരം നൽകേണ്ടത്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 യുവാക്കന്മാർക്കും 50 യുവതികൾക്കുമാണ് ക്യാമ്പിൽ പ്രവേശനം നൽകുക. രജിട്രേഷൻ ഫീസ് 300 രൂപയായിരിക്കും. രജിട്രേഷന് ക്രിസ്തു ജ്യോതി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 9446988268.

## CORPORATE EDUCATIONAL AGENCY

**Edn. 19/18 ഇന്റർവ്യൂ**

ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ HST (Maths), HST (English) എന്നീ തസ്തികകളിൽ ദിവസവേതന വ്യവസ്ഥയിൽ നിയമനം ലഭിക്കുവാൻ താത്പര്യമുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. 17-08-2018

വരെ സമർപ്പിക്കുന്ന അപേക്ഷകർക്കായി 21-08-2018-ന് രാവിലെ 10 മണി മുതൽ രൂപത കാര്യാലത്തിൽ വച്ച് ഇന്റർവ്യൂ നടത്തുന്നതാണ്.

ബഹു. വികാരിയച്ചന്മാർ ഇക്കാര്യം പള്ളികളിൽ അറിയിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

# സോഷ്യൽ സർവ്വീസ്

## SS 87/18 ഗുഡ് സമരിറ്റൻ പെയിൻ & പാലിയേറ്റിവ് കെയർ, ഇടുക്കി വോളണ്ടിയേഴ്സ് മീറ്റ്

പെയിൻ & പാലിയേറ്റിവ് കെയർ വോളണ്ടിയേഴ്സ് മീറ്റ് 2018 ജൂലൈ 11-ാം തിയതി ഉച്ചകഴിഞ്ഞ് 2.30 ന് കരിമ്പൻ ബിഷപ്സ് ഹൗസിൽ വച്ച് നടന്നു.ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, ബാബു വെട്ടിക്കാല, ഡോ. സി. സുഗുണ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഓരോ ഇടവകയിൽ നിന്നും വന്ന വോളണ്ടിയേഴ്സ് തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. 19 ഇടവകയിൽ നിന്നുള്ള 41 അംഗങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു. സി. ആൽബി എസ്.എ.ബി.എസ്. പരിപാടികൾക്ക് നേതൃത്വം നൽകി.

## SS 88/18 ഇ-ശക്തി പ്രോഗ്രാം പ്രോജക്ട് മോണിറ്ററിംഗ് കമ്മറ്റി

നബാർഡിന്റെ സഹായത്തോടെ ഇടുക്കി ജില്ലയിൽ നടപ്പിലാക്കുന്ന ഇ-ശക്തി പ്രോഗ്രാമിന്റെ രണ്ടാമത് മോണിറ്ററിംഗ്കമ്മിറ്റി ജൂലൈ മാസം 10-ാം തിയതി രാവിലെ 10.30 ന് തൊടുപുഴയിലുള്ള നബാർഡിന്റെ ഓഫീസിൽ വച്ച് കൂടി. ഇടുക്കി ജില്ലാ ലീഡ് ബാങ്ക് മാനേജർ ജി. രാജഗോപാലൻ, നബാർഡ് ഇടുക്കി ജില്ലാ മാനേജർ അശോക് കുമാർ നായർ, എച്ച്.ഡി.എസ്. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, ഇ-ശക്തി ഇടുക്കി ജില്ലാ പ്രോജക്ട് കോർഡിനേറ്റർ ബിനീഷ് കോട്ടൂർ, പി.ഡി.എസ്. പ്രോജക്ട് ഓഫീസർ സിബി ജോസഫ്, എച്ച്.ഡി.എസ്.പ്രോജക്ട് ഓഫീസർ സിബി തോമസ് എന്നിവർ പങ്കെടുത്തു. 2018 ജൂൺ മാസം വരെ എല്ലാ സംഘങ്ങളും



ഓൺ ലൈവ് ആക്കാൻ സൊസൈറ്റിയ്ക്ക് സാധിച്ചതിൽ കമ്മറ്റി സംതൃപ്തി പ്രകടിപ്പിക്കുകയും ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

## SS 89/18 ദുരിതാശ്വാസനിധി

സൊസൈറ്റിയിൽനിന്നും ജൂൺമാസത്തിൽ7 പേർക്ക് ചികിത്സയ്ക്കായി 21250 രൂപ നൽകി.

## SS 90/18 അഞ്ജനം നേത്രദാന പദ്ധതി

അഞ്ജനം നേത്രദാന പദ്ധതിയിലൂടെ ജൂലൈ മാസത്തിൽതോമസ് എബ്രാഹം പാമ്പറയിൽ ചേലച്ചുവട്, തോമസ് പി. വി. പൂവത്തിങ്കൽ ഉപ്പുകണ്ടം, എബ്രാഹം തകിടിയേൽ പെരിഞ്ചാംകുട്ടി, ബാബു എം.ഡി. മാമ്മൂട്ടിൽ മുളകരമേട്, മാത്യു മലേപ്പറമ്പിൽ മുരിക്കാശ്ശേരി, സരള ശശി പാറയിൽ മ്ലാമല എന്നിവർതങ്ങളുടെ കണ്ണുകൾ ദാനം ചെയ്തു.അവരുടെ കുടുംബാംഗങ്ങളെ പ്രത്യേകം നന്ദി അറിയിക്കുന്നു.

## SS 91/18 മുട്ടക്കോഴിക്കുഞ്ഞ് വിതരണം

എച്ച്.ഡി.എസിന്റെ നേതൃത്വത്തിൽ ഗുണമേന്മയുള്ള 400 കോഴിക്കുഞ്ഞുങ്ങളെ ജൂൺ മാസത്തിൽ കഞ്ഞിക്കുഴി, ഇരട്ടയാർ എന്നീ യൂണിറ്റുകളിലായി വിതരണം ചെയ്തു.

## SS 92/18 ഹരിതനിറവ് പദ്ധതി

നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഹരിത നിറവ് പദ്ധതിയിൽ കാർഷിക അഭിവൃദ്ധി വരുത്തുന്നതിനായി 2018 ജൂലൈ മാസത്തിൽ രാജമുടിയൂണിറ്റിൽ 12 കുടുംബങ്ങൾക്കായി 830000 രൂപയും, മുരിക്കാശ്ശേരി യൂണിറ്റിൽ 5 കുടുംബങ്ങൾക്കായി 450000 രൂപയും വിതരണം ചെയ്തു.

## SS 93/18 ഹരിതാഭം പദ്ധതി ലോൺ വിതരണം

നബാർഡിന്റെയും ഇടുക്കി ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെയും സഹായത്തോടുകൂടി സൊസൈറ്റി നടപ്പാക്കുന്ന ഹരി

താഭം പദ്ധതിയുടെ ഭാഗമായി വരുമാന വർദ്ധനവിനായി കരിമ്പൻയൂണിറ്റിൽ 250000 രൂപയും, പൊട്ടൻകാട് യൂണിറ്റിൽ 50000 രൂപയും കഞ്ഞിക്കുഴി യൂണിറ്റിൽ 150000 രൂപയും, ചുരുളി യൂണിറ്റിൽ 300000 രൂപയും, ആൽപ്പാറ യൂണിറ്റിൽ 350000 രൂപയും വായ്പ നൽകി.

### SS 94/18 നബാർഡ് മാർക്കറ്റ് ഫെയർ

നബാർഡിന്റെ വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരം റീജിയണൽ ഓഫീസിൽ നടന്ന മാർക്കറ്റ് ഫെയറിൽ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ളഇടുക്കി സ്പൈസസ് പ്രൊഡ്യൂസർ കമ്പനിയുടെ വിവിധ സുഗന്ധ വ്യഞ്ജന ഉത്പന്നങ്ങൾ ഡിസ്പ്ലേ ചെയ്യുകയും വിപണനം നടത്തുകയും ചെയ്തു.

### SS 95/18 ഫാർമർ പ്രൊഡ്യൂസർ കമ്പനി പ്രോജക്ട് മോണിട്ടറിംഗ് കമ്മിറ്റി

ഇടുക്കി സ്പൈസസ് പ്രൊഡ്യൂസർ കമ്പനിയുടെയും ഗ്രീൻ ഇടുക്കി പ്രൊഡ്യൂസർ കമ്പനിയുടെയും പ്രോജക്ട് മോണിട്ടറിംഗ് കമ്മിറ്റി തൊടുപുഴ നബാർഡിന്റെ ഓഫീസിൽ വച്ച് ജൂലൈ 10-ാം തിയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് നടന്നു. നബാർഡിന്റെ ഇടുക്കി ജില്ലാ ഓഫീസർ ശ്രീ. അശോക് കുമാർ നായർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കമ്പനികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്തു. എച്ച്.ഡി.എസ്. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, കമ്പനികളുടെ റിസോഴ്സ് പേഴ്സൺ ശ്രീ. സിബി മാളിയേക്കൽ, ചെയർമാൻ, സെക്രട്ടറി, ബോർഡ് മെമ്പേഴ്സ്, സി.ഇ.ഒ.എന്നിവർ പങ്കെടുത്തു.

### SS 96/18 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് വാർഷികം

**കഞ്ഞിക്കുഴി**

കഞ്ഞിക്കുഴി യൂണിറ്റിന്റെ 29-ാമത് വാർഷികം ജൂൺ 30-ാം തിയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തി. എച്ച്.ഡി.എസ്. ഡയറക്ടർ



ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ അദ്ധ്യക്ഷത വഹിച്ച യോഗം ഫാ. ജോസഫ് കോയിക്കക്കുടി ഉദ്ഘാടനം ചെയ്തു. യൂണിറ്റ് രക്ഷാധികാരി ഫാ. സെബാസ്യൻ മേലേട്ട് ആമുഖ പ്രസംഗം നടത്തി. വീട്ടിൽ ഒരു കോഴി പദ്ധതി കൊച്ചുപുരക്കലച്ചൻ ഉദ്ഘാടനംചെയ്തു. യോഗത്തിൽ മുതിർന്ന അമ്മമാരെ ആദരിച്ചു. ശ്രീമതികുഞ്ഞമ്മ തോമസ്, ശ്രീ. സണ്ണി വളവനാട്ട് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ആന്റോപുരം**

ആന്റോപുരം യൂണിറ്റിന്റെ വാർഷികവും ബാലവേദി ഉദ്ഘാടനവും 2018 ജൂലൈ 8-ാം തിയതി യൂണിറ്റ് രക്ഷാധികാരി ഫാ. സെബാസ്റ്റ്യൻ എടാട്ടേൽ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സോസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ നിർവ്വഹിച്ചു. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് മുഖ്യപ്രഭാഷണം നടത്തി. ആനിമേറ്റർ ഷൈനി മാത്യുവും യൂണിറ്റ് ഭാരവാഹികളും പരിപാടികൾക്ക് നേതൃത്വം നൽകി.

**മരിയാപുരം**

മരിയാപുരം യൂണിറ്റിന്റെ വാർഷികം ജൂലൈ മാസം 14-ാം തിയതി ഉച്ചകഴിഞ്ഞ് 2.30 ന് നടത്തുകയുണ്ടായി. രക്ഷാധികാരി ഫാ. തോമസ് മണിയാട്ട് സന്നിഹിതനായിരുന്നു.യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**കരിമ്പൻ**

കരിമ്പൻ യൂണിറ്റിന്റെ വാർഷികം ജൂലൈ മാസം 15-ാം തിയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് നടത്തി. യൂണിറ്റ് രക്ഷാധികാരി ഫാ. തോമസ് വലിയമംഗലം അദ്ധ്യക്ഷത വഹിച്ച യോഗം എച്ച്.ഡി.എസ്. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റിൽ പുതുതായി ആരംഭിച്ച ബാലവേദിയുടെ ഉദ്ഘാടനം മുൻ രക്ഷാധികാരി ഫാ. മാത്യു ഞവരക്കാട്ട് നിർവ്വഹിച്ചു.

ചികിത്സാ സഹായത്തിന് സമാഹരിക്കുന്നതിനായി ഒരുക്കിയ ലവ് & കെയർ ടിൻ സി. മരിയ ഡി.എസ്.റ്റി. എല്ലാ സംഘങ്ങൾക്കും വിതരണം ചെയ്തു. യൂണിറ്റ് സെക്രട്ടറി ഷൈനി മാത്യു റിപ്പോർട്ട് അവതരിപ്പിച്ചു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**യൂണിറ്റ് സന്ദർശനം**

കല്ലാർകുട്ടി, വെള്ളത്തൂവൽ, പൊൻമുടി, എല്ലക്കൽ എന്നീ യൂണിറ്റുകളിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, ശ്രീ. സണ്ണി മൈലാടൂർ എന്നിവർ സന്ദർശനം നടത്തി, യൂണിറ്റുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തി.

### SS 97/18 ജീവ സമൃദ്ധി ബോധവൽക്കരണം

ഇടുക്കി, കോതമംഗലം രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ സംയുക്തമായി ജീവാ മിൽക്കിന്റെ സഹകരണത്തോടെ ജീവ സമൃദ്ധി എന്ന പേരിൽ ഒരു ക്യാൻസർ ക്യാമ്പയിൻ ആരംഭിച്ചു. ഈ മേഖലയിലെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ കുട്ടികളെ ഉദ്ദേശിച്ചാണ് ഈ പരിപാടി ആവിഷ്ക്കരിച്ചിരിക്കുന്നത്. 100 സ്കൂളുകളിലെങ്കിലും ഈ വർഷം പദ്ധതി നടത്തണമെന്നാണ് പ്ലാനിടുന്നത്. ഇതിന്റെ ഉദ്ഘാടനം കോതമംഗലംസെന്റ ് ജോർജ്ജ് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്നു. മാർ ജോർജ്ജ് മടത്തിക്കണ്ടത്തിൽ, മാർ ജോൺ നെല്ലിക്കുന്നേൽ, ആന്റണി ജോൺ എം.എൽ.എ., ഫാ. സ്റ്റാൻലി കുന്നേൽ, ഫാ. ജോർജ്ജ് തകിടിയേൽ, ഫാ. ജോസ് മൂർക്കാട്ടിൽ, ഫാ. തോമസ് പറയിടം, ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ എന്നിവർ പങ്കെടുത്തു. 3 സ്കൂളുകളിൽ ബോധവൽക്കരണ പരിപാടി നടന്നു.

### SS 98/18 ഹരിത സമൃദ്ധി പഠനയാത്ര

ഹരിത സമൃദ്ധി പദ്ധതിയുടെ ഭാഗമായി ഡയറക്ടർ, സ്റ്റാഫ് എന്നിവരോടൊപ്പം 50 ആദിവാസി കർഷകർ നൂതന കൃഷിയിടങ്ങളും, രീതികളും പഠിക്കുന്നതിനായി കൊടൈക്കനാലിൽ പഠനയാത്ര നടത്തി.



## തിരുബാലസഖ്യം

### HC 10/18 അനുഗ്രഹാശംസകൾ

2018-19 പ്രവർത്തനവർഷം പരി. അമ്മയുടെ അനുഗ്രഹാശിസുകളോടെ അഭിഷേകമുള്ളതാക്കാൻ തിരുബാലസഖ്യത്തിന്റെ എല്ലാ ഡയറക്ടർ അച്ചന്മാർക്കും മോഡറേറ്റേഴ്സിനും തിരുബാലസഖ്യത്തിലെ കൊച്ചുകൂട്ടുകാർക്കും സ്നേഹം നിറഞ്ഞ ആശംസകൾ.

### HC 11/18 സ്നേഹപൂർവ്വം നന്ദി

കഴിഞ്ഞ ഒരു വർഷക്കാലം ഇടുക്കി രൂപത തിരുബാലസഖ്യ ഡയറക്ടറായി തീക്ഷ്ണതയോടെ തിരുബാലസഖ്യ സംഘടനയെ നയിച്ച ബഹു. ജോസഫ് ചുനയന്മാക്കൽ അച്ചനും കഴിഞ്ഞ 9 വർഷമായി തിരുബാലസഖ്യത്തിന്റെ ആനിമേറ്ററായി ശുശ്രൂഷ ചെയ്ത സുദീപ സിസ്റ്ററിനും, കോർഡിനേറ്റേഴ്സായി സേവനം അനുഷ്ഠിച്ച ജിജി കുറിച്ചിയിലിനും, ജോജി കാട്ടാംകോട്ടിലിനും, റിൻസി സിബി കരോട്ടുകുന്നേലിനും രൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദി.

### HC 12/18 സ്വാഗതം

തിരുബാലസഖ്യം ഇടുക്കി രൂപതയുടെ പുതിയ ഡയറക്ടറായി നിയമിതനായ ബഹു. മനു മേനാംതുണ്ടത്തിലച്ചനും രൂപത ആനിമേറ്ററായി നിയമിതയായ സി. ക്രിസ്റ്റി സി.എം.സി.യ്ക്കും തിരുബാലസഖ്യം രൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

### HC 13/18 പ്രവർത്തനവർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റും മാർഗ്ഗരേഖാ പ്രകാശനവും

2018 ആഗസ്റ്റ് 11 ശനിയാഴ്ച രാവിലെ 11 മണിക്ക് രാജാക്കാട് ക്രിസ്തുരാജാ പാരീഷ്ഹാളിൽ തിരുബാലസഖ്യം രൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റും മാർഗ്ഗരേഖാ

പ്രകാശനവും നടത്തപ്പെടുന്നതാണ്. ഈ സമ്മേളനത്തിലേക്ക് തിരുബാലസഖ്യത്തിലെ എല്ലാ മോഡറേറ്റേഴ്സിനെയും ക്ഷണിക്കുന്നു. ഈ സമ്മേളനത്തിൽ മാർഗ്ഗരേഖ പ്രകാശനം ചെയ്ത് വിതരണം ചെയ്യുന്നതായിരിക്കും.

**HC 14/18 തിരഞ്ഞെടുപ്പ്**

രൂപതാ പ്രസിഡന്റിനെയും സെക്രട്ടറിയെയും തിരഞ്ഞെടുക്കുന്നതിനായി ശാഖയിൽ തിരഞ്ഞെടുത്ത പ്രസിഡന്റിനെയും സെക്രട്ടറിയെയും കൂടി കൊണ്ടുവരുവാൻ ശ്രദ്ധിക്കുമല്ലോ.

**HC 15/18 രൂപത വിഹിതം**

തിരുബാലസഖ്യ പ്രവർത്തനത്തോടുള്ള സഹകരണം നന്ദിയോടെ ഓർക്കുന്നു. ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി ശാഖയിലെ കുട്ടികളുടെ എണ്ണമനുസരിച്ച് ഒരു കുട്ടിയ്ക്ക് 20 രൂപാ നിരക്കിൽ പ്രവർത്തനവിഹിതം കൂടി കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.

## കെ.സി.എസ്.എൽ.

**KCSL 21/18 രൂപതാ ആനിമേറ്റേഴ്സ് സംഗമം**

കെ.സി.എസ്.എൽ. രൂപതാ ആനിമേറ്റേഴ്സ് സംഗമം ജൂൺ 30-ാം തിയതി മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്നു. രൂപതാ വിദ്യാഭ്യാസ സെക്രട്ടറി റവ. ഫാ. ജോർജ് തകിടിയേൽ പ്രസ്തുത സമ്മേളനം ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിച്ചു. ഡയറക്ടർ ഫാ. മാത്യു ഞവരക്കാട്ട്, അസി. വികാരി റവ. ഫാ. അഗസ്റ്റിൻ കുത്തനാപ്പിള്ളിൽ, ഹെഡ്മാസ്റ്റർ ശ്രീ. ബിജുമോൻ ജോസഫ്, ഓർഗനൈസർ സിബിച്ചൻ ജോസഫ് തുടങ്ങിയവർ സന്ദേശം നൽകി. പ്രസിഡന്റ് മനോജ് ചാക്കോ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് മാത്തുക്കുട്ടി കുത്തനാപ്പിള്ളി പഠനപുസ്തകങ്ങൾ പരിചയപ്പെടുത്തി. തുടർന്ന് ഈ വർഷത്തെ വിദ്യാർത്ഥി ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടത്തി.



**രൂപതാ വിദ്യാർത്ഥി ഭാരവാഹികൾ**

| | |
|---|---|
| ചെയർമാൻ | : മാത്യു സിബിച്ചൻ, SMHSS മുരിക്കാശ്ശേരി |
| ജനറൽ സെക്രട്ടറി | : കൃപാമരിയ ജയിംസ്, SGHSS വാഴത്തോപ്പ് |
| HSS സെക്രട്ടറിമാർ | : ആൽബിൻ സിബി, STHSS തങ്കമണി |
| | : ചില്ലു ജോജോ, SXHSS ചെമ്മണ്ണാർ |
| HS സെക്രട്ടറിമാർ | : ഷോൺ ഷാജി, വിജയമാതാ പബ്ലിക് സ്കൂൾ തൂക്കുപാലം |
| | : ആഞ്ചലീന ജോസ്, STHSS ഇരട്ടയാർ |
| UP സെക്രട്ടറിമാർ | : ജോസ്മോൻ റ്റോമി, SMUPS മണിപ്പാറ |
| | : ശ്രദ്ധ സണ്ണി, SJUPS വെള്ളയാംകുടി |
| LP സെക്രട്ടറിമാർ | : എമൻ ഡേവീസ് ജോർജ്, ഹോളി ക്രോസ് കോൺവെന്റ് സ്കൂൾ നെടുംകണ്ടം |
| | : ആൽഫി ജോഷി, SMLPS മുരിക്കാശ്ശേരി |

**KCSL 22/18 പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും**

കെ.സി.എസ്.എൽ. രൂപതാ പ്രവർത്തനവർഷ ഉദ്ഘാടനം ജൂലൈ 6-ാം തിയതി വെള്ളിയാഴ്ച പാറത്തോട് സെന്റ് ജോർജ് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്നു. രൂപതാ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. വിദ്യാഭ്യാസ സെക്രട്ടറി റവ. ഫാ. ജോർജ് തകിടിയേൽ അനുഗ്രഹ പ്രഭാഷണവും മാർഗ്ഗരേഖാ പ്രകാശനവും നിർവ്വഹിച്ചു. സ്കൂൾ മാനേജർ റവ. ഫാ. ജോസ് ചിറ്റടി മുഖ്യപ്രഭാഷണം നടത്തി. ഡയറക്ടർ ഫാ. മാത്യു ഞവരക്കാട്ട് സന്ദേശം നൽകി. പ്രസിഡന്റ് മനോജ് ചാക്കോ അദ്ധ്യക്ഷത വഹിച്ചു. ഹെഡ്മാസ്റ്റർ ശ്രീ. വി. വി. ലൂക്കാ, ഓർഗനൈസർ സിബിച്ചൻ ജോസഫ്, വൈസ് പ്രസിഡന്റ് അർച്ചന തോമസ്, ചെയർമാൻ മാത്യു സിബിച്ചൻ സംസ്ഥാന HSS സെക്രട്ടറി എഡ്വിൻ സജി തുടങ്ങിയവർ സംസാരിച്ചു.

## KCSL 23/18 സംസ്ഥാന ലീഡേഴ്സ് ക്യാമ്പ്

തൃശൂർ അതിരൂപത DBCLC- യിൽ വെച്ച് ജൂലൈ 13, 14 തിയതികളിൽ നടന്ന സംസ്ഥാന ലീഡേഴ്സ് ക്യാമ്പിൽ ഇടുക്കി രൂപതയിൽ നിന്ന് പത്ത് വിദ്യാർത്ഥി ഭാരവാഹികൾ പങ്കെടുത്തു.

## KCSL 24/18 രൂപതാ അംഗത്വ സ്വീകരണം

രൂപതാ അംഗത്വ സ്വീകരണ ഉദ്ഘാടനം ജൂലൈ 20-ാം തിയതി മണിപ്പാറ സെന്റ് മേരീസ് യു.പി. സ്കൂളിൽ നടന്നു. സ്കൂൾ മാനേജർ റവ. ഫാ. തോമസ് വലിയമംഗലത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു. ഡയറക്ടർ ഫാ. മാത്യു ഞവരക്കാട്ട് അംഗത്വ സ്വീകരണ ഉദ്ഘാടനം നിർവ്വഹിച്ചു. ഹെഡ്മിസ്ട്രസ് സി. കൃപാ സി.എം.സി., ഓർഗനൈസർ സിബിച്ചൻ ജോസഫ്, സ്കൂൾ ആനിമേറ്റർ സി. നിഷാമോൾ ജോർജ് തുടങ്ങിയവർ സംസാരിച്ചു.

## KCSL 25/18 പഠനപുസ്തകങ്ങൾ

ഈ വർഷത്തെ കെ.സി.എസ്.എൽ. പഠനപുസ്തകം - 'കടലോളങ്ങളിൽ കടലാസുതോണികൾ', ഉപപാഠ പുസ്തകം - 'വി. അലോഷ്യസ് ഗൊൺസാഗൊ', പ്രവർത്തന മാർഗ്ഗരേഖ എന്നിവ താഴെ സൂചിപ്പിക്കുന്ന സ്കൂളുകളിൽനിന്ന് വാങ്ങാവുന്നതാണ്. പഠനവിഷയങ്ങൾ എല്ലാ കുട്ടകളിലേയ്ക്കും എത്തുന്നതിനായി ഒരു കുട്ടിക്ക് ഒരു പുസ്തകം എന്ന രീതിയിൽ വാങ്ങി നൽകുന്നതിന് ആനിമേറ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

1) SMHSS മുരിക്കാശ്ശേരി
2) FMGHSS കൂമ്പൻപാറ
3) STHSS ഇരട്ടയാർ
4) SSUPS നെടുംകണ്ടം
5) SGHSS വാഴത്തോപ്പ്

NB: അംഗത്വ ലിസ്റ്റിന്റെ കോപ്പിയും, അംഗത്വ ഫീസും ആഗസ്റ്റ് 10-ാം തിയതിയ്ക്ക് മുമ്പ് ഓഫീസിൽ എത്തിക്കുമല്ലോ.



# ചെറുപുഷ്പ മിഷൻലീഗ്

## CML 32/18 വിന്നർ-2018 സമ്മാനദാനം

ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടന്ന വിന്നർ-2018 -ന്റെ സമാപനസമ്മേളനം ജൂലൈ 14-ന് ആയിരം ഏക്കർ സെൻറ് തോമസ് പാരീഷ് ഹാളിൽ വച്ചു നടത്തപ്പെട്ടു. സമാപനസമ്മേളനത്തിന് രൂപതാ പ്രസിഡന്റ് കിരൺ അഗസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു. രൂപത വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട ജോസ് പ്ലാച്ചിക്കലച്ചൻ യോഗം ഉദ്ഘാടനം ചെയ്തു. പെരിയ ബഹുമാനപ്പെട്ട അബ്രഹാം പുറയാറ്റച്ചൻ അനുഗ്രഹ പ്രഭാഷണം നടത്തിയ യോഗത്തിൽ ദീപികബാലസഖ്യം ഡയറക്ടർ റവ. ഫാ. റോയി കണ്ണൻചിറ മുഖ്യപ്രഭാഷണം നടത്തി. തങ്കമണി ഇടവകാംഗമായ അലീന ബിജു വിന്നർ ഗെയിമിൽ ഒന്നാം സമ്മാനത്തിന് അർഹയായി. വിന്നർ ഗെയിമിൽപങ്കെടുത്ത എല്ലാവർക്കും സമ്മാനം വിതരണം ചെയ്തു. വിന്നർ 2018-ന് കാറ്റിക്കിസം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വടക്കേൽ, ചെറുപുഷ്പ മിഷൻലീഗ് ഡയറക്ടർ ഫാ. കുര്യാക്കോസ് കൊല്ലപ്പിള്ളിൽ എന്നിവർ നേതൃത്വം നൽകി.

### WINNER 2018: The Magic of Life Prize list

| Rank | Name | Housename | Parish |
|---|---|---|---|
| I | Aleena Biju | Puthettu | Thankamany |
| II | Neha Baby | Kochuparambil | Koombanmala |
| II | Ancimil Mathew | Kollamparambil | Kiliyarkandam |
| II | Aleena Tomy | Vengathanathu | Kiliyarkandam |
| II | Bisno B Jose | Alappothara | Kattakkala |
| II | Ashil Biju | Perumanangattu | Ezhukumvayal |
| II | Rosemariya Sheby | Kurisumkal | Rajakumary |
| II | Aleena Elizebathu Joy | Kummaniyil | Mariyapuram |
| III | Zera Bobin | Kunnumpurathu | Thankamany |
| III | Bion Johnson | Chittedathu | Nankuthotty |
| III | Rosmy Benny | Anithottathil | Kiliyarkandam |

| | | |
|---|---|---|
| III Sonu Saji | Mamala | Erattayar |
| III Alin Roy | Kochukunnel | Vellayamkudy |
| III Edna Saji | Elavumkal | Kiliyarkandam |
| III Ann Elizabathu Tom | Chunkappurayil | Manjappara |
| III Tessa K Raj | Kollamparambil | Kanakakunnu |
| III Amalu Sebastian | Ambazhathinal | Kiliyarkandam |
| III Aleena Benny | Kachira | Mukkudam |
| III Sneha Jose | Vadakkel | Aiyramekkar |
| III Siyanna George | Vazhayil | Kunchithanny |
| III Sona thomas | Thekkekoottu | Nellippara |
| III Marya biju | Kaithakkal | Kiliyarkandam |
| III Shally Shaji | Moolayil | Nellippara |
| III Priyanka Saju | Mathirappillil | Kiliyarkandam |
| IV Abel Varghese | Erumachadathu | Vellayamkudy |
| IV Angel mariya Sibi | Thurithikizhakkel | Bethel |
| IV Angel Santhosh | Cherayil | Irumbupalam |
| IV Santa Mathew | Kappilumakkal | Bethel |
| IV Anna Joshy | Puthiyedathu | Rajakkadu |
| IV Anitta Shaji | Chittadichalil | Vellayamkudy |
| IV Asin Mariya Jojo | kayalakkakathu | Nedumkandam |
| IV Mathew Jo Biju | Kalappurackal | Murickassery |
| IV Alan Jose | Kottappuram | Mulakaramedu |
| IV Ammu Agnes Sanny | Kochiparambil | Kombayar |
| IV Catharine Bennichan | Kaipanplackal | Vellyamkudy |
| IV Delna Rajesh | Thekkel | Kiliyarkandam |
| IV Aleena Binu | Edathattel | Chelliyampara |
| IV Alka Marya Shinto | Kadankavil | Thopramkudy |
| IV Aleena Sanny | Thakarappillil | Maniyaramkudy |
| IV Alby Augustine | Thekkekkootu | Udayagiry |
| IV Abhijithu Babu | Kollayil | Irumbupalam |
| IV Amrutha Biju | Ellamplackal | Chemmannar |
| IV Dhiya Mathew | Thayil | Kunchithanny |
| IV Nayanthara C V | Chelackal | Erattayar |
| IV Helan Antony | Kunnamkottu | Erattayar |
| IV Joshnamol Jojo | chamakkalayail | Thopramkudy |



| | | |
|---|---|---|
| IV Amala mary Saji | Vaniyedathu | Murikkumthotty |
| IV Riyamol Jolly | Puravakkattu | Rajakkad |
| IV Anjitha Joy | Pallithazhathu | Kiliyarkandam |
| IV Ashly James | Paramala | Kiliyarkandam |
| IV Amalja Mary Jose | Kuruvikkattu | Kallarkootty |
| IV Aranyamol Dixen | Nedumkombil | Rajamudy |
| IV Libina Thomas | Puthenpurackal | Kiliyarkandam |
| IV Milda Tomy | Kandathil | Kiliyarkandam |
| IV Sneha Sabu | Moongamackal | Kiliyarkandam |
| IV Mereena Mathew | Chengalal | Parathodu |
| V Shena Shaji | kallikkattu | Mukkudam |
| V Thara Sajithu | Elavumootil | Thannikandam |
| V Alpha Mariya Vincent | kalapurackal | Rajamudy |
| V Jis Manoj | Moonjanattu | Mariyapuram |
| V Melisa Tomy | Nellamkuzhiyil | Mukkudam |
| V Haron Sunil | Pazhayaveetil | Nalumukku |
| V Aneyna Shine | Kochumattathil | Kanthippara |
| V Jeen Jio Shebin | vadakkemangalathu | Nalumukku |
| V Ashish | kaniyamparambil | Idukki |
| V Harlin Sunil | Pazhayaveetil | Nalumukku |
| V Anna Roy | Kuthanappillil | Painavu |
| V Haris Reji | Pothanikkadu | Kallarkootty |
| V Jilu Lalu | Kunnumkottu | Vimalagiry |
| V Alanta C Biju | Chakkariyamthadathil | |
| V Ansu Sunil | Kozhimannil | Thookkupalam |
| V Santo Simon | Payattukalanirappel | Baisonvalley |
| V Magha Jobin | Kunnumchirayil | Karikkumtholam |
| V Della Mani | Karakkattu | Chembalam |
| V Marya | Ambalatharayil | Keerithodu |
| V Anchithamol George | Vattolil | Narakakkanam |
| V Thomas Boby | Chemmarappillil | Rajapuram |
| V Linattu Sojan | Erattayanickal | Kunchithanny |
| V Grace Mary Shalphy | Mundiyamkal | Vimalagiry |
| V Saniya Biju | Edavakandathil | Ellakallu |
| V Jisna Binoy | Srattel | Rajamudy |

| | | | |
|---|---|---|---|
| V | Anna Thomas | Kizhakkumthara | Thookkupalam |
| V | Ektha Elizabathu Binoy | Pallathu | Munnar |
| V | Donald Joseph Reji | Thottappallil | Vazhavara |
| V | Liya Shibu | Madappillil | Vellyamkudy |
| V | Christeena Shibu | Malyekkal | Rajakumary |
| V | Ashna Roy | Kattottu | Udayagiry |
| V | Alan Saju | Mathirappillil | Kiliyarkandam |
| V | Ayona Shaji | Kallidukkil | Josepuram |
| V | Anna Shaji | Thengumpallil | Rajakkadu |
| V | Sneha Saimon | Vayattukalanirappel | Baisonvalley |
| V | Riya Ann Varghese | Parackal | Thookkupalam |
| V | Christeena Rejison | Anikkuzhikkattil | Kunchithanny |
| V | Alphonsa Joseph | Madappillil | Bethel |
| V | Dayanamol Joseph | Kathambel | Mavady |
| V | Don Baiju | Mattathil | Ettithoppu |
| V | Teena Elizabathu Varghese | Thayil | Kuthirakallu |
| V | Mary Rose Joji | Kurikombil | Thovarayar |
| V | Angel Mariya Sheby | Kurisumkal | Rajakumary |
| V | Mariyamol Thomas | Kuzhikodiyil | Ettithoppu |
| V | HrudhyaSiby | Pendanathu | Nedumkandam |
| V | Alan K Joseph | Karukappillil | Ettithoppu |
| V | Ankhitha Mariya Jose | Palathinkal | Mulakuvally |
| V | Emil Johnson | Thekkumkattil | Josepuram |
| V | Jiyamol Joy | Mundamattam | Karithodu |
| V | Alphonsa Mathew | Thuravackal | Ponmudy |
| V | Annu Mariya Binoy | Panayil | Karithodu |
| V | Jessin Baiju | Kaniyavadakkethil | Karithodu |
| V | Tona Tomy | Mundakkattu | Mariyapuram |
| V | Alby Binoy | Thannikkappara | Venmony |
| V | Sona Sibichan | Kattumkal | Kanakakunnu |
| V | Alby Benny | Pandanmanal | Kanchiyar |
| V | Hrudhya Mani | Ponthottiel | Koombanpara |
| V | Alka Reji | Thayil | Kunchithanny |
| V | Anmariya Jose | Vengappallil | Manjappara |
| V | Mariya Stalin | Vadakkumchry | Kallar |



| | | | |
|---|---|---|---|
| V | Anmariya Biju | Perumbanikkal | Vellathooval |
| V | Jereena Peter | Poonolil | Koombanpara |
| V | Jilnamol Jiji | Kanjirathamkunnel | Vimalagiry |
| V | Gifty Marya Martin | Mundackal | Panamkootty |
| V | Georukutty James | Mullanmada | Calvarimount |
| V | Alphy Thomas | Ambattu | Kallarkootty |
| V | Ashly Alex | Anchanickal | Irumbupalam |
| V | Sneha Binoy | Vadakkeparambil | Josegiry |
| V | Seljin V Joseph | Valikulam | Murickassery |
| V | Ans Maruya Saji | Vaniyedathu | Murikkumthotty |
| V | Magi Shaji | Thengumthettayil | Churuly |
| V | Jomol Joy | Mundamattathil | Karithodu |
| V | Jinta E Scariya | Pathippallil | Kiliyarkandam |
| V | Namitha P M | Pulickachundayil | Panikankudy |
| V | Daniya Biju | Kaiyalakkakathu | Josegiry |

## CML 33/18 രൂപതാ സാഹിത്യ മത്സരം

ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിലുള്ള രൂപതാ സാഹിത്യ മത്സരം, ആഗസ്റ്റ് മാസം 11-ാം തിയതി ശനിയാഴ്ച രൂപതയിലെ 6 സെന്ററുകളിലായി നടത്തപ്പെടുന്നതാണ്. രാവിലെ 9.00 ന് മത്സരങ്ങൾ ആരംഭിക്കും.

**മത്സരം നടത്തപ്പെടുന്ന വേദികൾ**

| | | |
|---|---|---|
| 1. കൂമ്പൻപാറ | 2. രാജാക്കാട് | 3. വാഴത്തോപ്പ് |
| 4. മുരിക്കാശ്ശേരി | 5. നെടുംകണ്ടം | 6. വെള്ളയാംകുടി |

## CML 34/18 മേഖലാ കലോത്സവം

മേഖലാ കലോത്സവം ആഗസ്റ്റ് മാസം 22-ാം തിയതി ബുധനാഴ്ച രൂപതയിലെ 10 മേഖലകളിലും നടത്തപ്പെടുന്നതാണ്.

## CML 35/18 കുഞ്ഞേട്ടൻ അനുസ്മരണം

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് കുഞ്ഞേട്ടന്റെ

അനസ്മരണം എല്ലാ ശാഖകളിലും ആഗസ്റ്റ് മാസം 11-ന് നടത്തു വാൻ ശ്രദ്ധിക്കുമല്ലോ.

## കെ.സി.വൈ.എം.

### KCYM 13/18 സ്പെഷ്യൽ സ്കൂൾ സംഗമവും യുവജനദിന ആഘോഷവും

കെ.സി.വൈ.എം. ഇടുക്കി രൂപതാ സമിതിയുടെ ആഭിമുഖ്യ ത്തിൽ യുവത്വത്തിന്റെ സാന്ത്വന സ്പർശം പ്രതീക്ഷിക്കുന്ന നമ്മുടെ രൂപതയിലെ വിവിധ സ്പെഷ്യൽ സ്കൂളുകളിലെ ക്രിസ്തുവിന്റെ പ്രിയപ്പെട്ട മക്കൾക്കായി ഒരു ദിനം ഒരുക്കുന്നു. ദൈവത്തിന്റെ പ്രത്യേക കൈയ്യൊപ്പുള്ള ഇവരിലെ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും ആദരിക്കുന്നതിനുമായി സംഘടിപ്പിച്ച ഈ യുവജനദിനാഘോഷ പരിപാടിയിൽ സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രത്യേക വ്യക്തിമുദ്ര പതിപ്പിച്ച യുവജനങ്ങൾക്ക് പ്രത്യേക പുരസ്കാരങ്ങൾ നൽകി ആദരിക്കുന്നു.

### KCYM 14/18 അർദ്ധവാർഷിക കൗൺസിൽ

കെ.സി.വൈ.എം. ഇടുക്കി രൂപതാ സമിതിയുടെ നേതൃത്വ ത്തിൽ കരിമ്പൻ പാരീഷ് ഹാളിൽ വച്ച് ആഗസ്റ്റ് മാസം 28-ാം തിയതി രാവിലെ 10 മണിക്ക് അർദ്ധവാർഷിക കൗൺസിൽ നടത്തപ്പെടുന്നു. എല്ലാ ഇടവകയിൽനിന്നും അഞ്ച് യൂണിറ്റ് ഭാരവാഹികളെ പങ്കെടു പ്പിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു.



## പ്രാർത്ഥനാ ഗ്രൂപ്പ്

### PG 22/18 KCCRST നേതൃത്വം ഇടുക്കി സോൺ സന്ദർശിച്ചു

കേരള കത്തോലിക്ക നവീകരണ സേവനസമിതി (KCCRST) ജൂലൈ മാസം 20-ാം തിയതി ഇടുക്കി സോൺ സർവ്വീസ് ടീം അംഗ ങ്ങളുടെ വീടുകൾ സന്ദർശിച്ചു. കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീ ഷൻ സെക്രട്ടറിയും കെ.സി.സി.ആർ.എസ്.റ്റി. ചെയർമാനുമായ റവ. ഫാ. വർഗ്ഗീസ് മുണ്ടക്കൽ അച്ചനോടൊപ്പം, റവ. ഫാ. ജോസഫ് കോയിക്കൽ, കെ.എസ്.റ്റി. വൈസ് ചെയർമാൻ ഷാജി വൈക്കത്തു പറമ്പിൽ, സി. മഹിമ, ജോർജ് കുമ്പളിമൂട്ടിൽ, സി. മേബിൾ സി.എം.സി., ജോസുകുട്ടി ചക്കുങ്കൽ എന്നിവരുടെ ടീം ഇടുക്കി സോണിലെ 5 സബ് സോണുകളും സന്ദർശിച്ചു.

### PG 23/18 ഇടുക്കി-കട്ടപ്പന സബ് റീജിയൺ ലീഡേഴ്സ് സംഗമം

ആഗസ്റ്റ് മാസം 16, 17 തിയതികളിൽ കട്ടപ്പന-ഇടുക്കി സോണു കളിലെ കരിസ്മാറ്റിക് ലീഡേഴ്സിനുവേണ്ടിയുള്ള ട്രെയിനിംഗ് പ്രോഗ്രാമും കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ പിതാക്ക ന്മാരുടെ സബ് റീജിയൺ സന്ദർശനവും നടക്കുന്നു. മാർ ജോൺ നെല്ലിക്കുന്നേൽ, കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ ചെയർ മാൻ സാമുവേൽ മാർ ഐറേനിയോസ് എന്നീ പിതാക്കന്മാർ പ്രസ്തു ത പ്രോഗ്രാമിൽ സന്ദേശം നൽകും.

### PG 24/18 ബേത്സഥാ-2018

ജൂലൈ മാസം 28-ാം തിയതി കരിമ്പൻ സെന്റ് മേരീസ് ദൈ വാലയത്തിൽ വച്ചു നടന്ന രോഗീദിന കൺവെൻഷനിൽ അനേകം രോഗികൾ പങ്കെടുത്തു പ്രാർത്ഥിച്ചു. സബ് സോണിന്റെ നേതൃത്വ ത്തിൽ വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തോടനുബ ന്ധിച്ച് നടന്ന രോഗശാന്തി ശുശ്രൂഷയ്ക്കും അഭിഷേക ആരാധന

യ്ക്കും റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, റവ. ഫാ. ജോസഫ് കോയിക്കൽ, റവ. ഫാ. തോമസ് വലിയമംഗലം, ഷാജി വൈക്കത്തു പറമ്പിൽ എന്നിവർ നേതൃത്വം നൽകി.

### PG 25/18 കരിസ്മാറ്റിക് മേഖല ഡയറക്ടേഴ്സ്

പാറത്തോട് മേഖല കരിസ്മാറ്റിക് ഡയറക്ടർ ആയി റവ. ഫാ. ജോർജ് കുഴിപ്പിള്ളിൽ (Jr) അച്ചനും അടിമാലി മേഖല കരിസ്മാറ്റിക് ഡയറക്ടർ ആയി റവ. ഫാ. വർഗ്ഗീസ് മറ്റത്തിൽ അച്ചനും ഉത്തരവാദിത്വം ഏറ്റെടുത്തു. അച്ചന്മാർക്ക് ഇടുക്കി സോൺ കരിസ്മാറ്റിക് കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

### PG 26/18 ഇടുക്കി സോൺ മദ്ധ്യസ്ഥ പ്രാർത്ഥന

ആഗസ്റ്റ് മാസം 14-ാം തിയതി കനകക്കുന്ന് സെന്റ് ജൂഡ് ദൈവാലയത്തിൽ വച്ച് സോണൽ മദ്ധ്യസ്ഥ പ്രാർത്ഥന നടക്കുന്നു. രാവിലെ 10 മുതൽ 3 മണിവരെ പ്രാർത്ഥനാഗ്രൂപ്പ് കോർ ഗ്രൂപ്പ് അംഗങ്ങൾ, സർവ്വീസ് ടീം അംഗങ്ങൾ, മിനിസ്ട്രി സർവ്വീസ് ടീം അംഗങ്ങൾ എന്നിവർ പങ്കെടുക്കേണ്ടതാണ്.

## കത്തോലിക്കാ കോൺഗ്രസ്

### AKCC 13/18 എക്സിക്യൂട്ടീവ് കമ്മിറ്റി

കത്തോലിക്കാ കോൺഗ്രസ് രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി 04-04-18 ബുധനാഴ്ച 2 മണിക്ക് രൂപതാ കര്യാലയത്തിൽ വച്ച് കൂടി. രൂപതാ പ്രസിഡന്റ് ജോസുകുട്ടി മാടപ്പിള്ളിൽ അദ്ധ്യക്ഷത വഹിച്ചു.

### AKCC 14/18 ഇടവക സന്ദർശനം

തൃശൂരിൽ നടക്കുന്ന ദേശീയ ശതാബ്ദി സമ്മേളനത്തിനും കാൽവരിമൗണ്ട് പാരീഷ്ഹാളിൽ നടന്ന നേതൃത്വ ശിൽപ്പശാല



യ്ക്കും മുന്നോടിയായി രൂപതാ ഭാരവാഹികൾ വിവിധ യൂണിറ്റുകൾ സന്ദർശിച്ചു. ഫാ. ജോർജ് പാട്ടത്തേക്കുഴി, ശ്രീ. ജോസുകുട്ടി മാടപ്പള്ളിൽ, ശ്രീ. ജോസഫ് കുര്യൻ ഏറമ്പടം, ശ്രീ. ചുമ്മാർ മാത്യു തുണ്ടത്തിൽ, ജോർജ് കോയിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

### AKCC 15/18 നേതൃത്വ ശിൽഷശാല കാൽവരിമൗണ്ട്

ഏപ്രിൽ 28-ാം തീയതി കാൽവരിമൗണ്ടിൽ വച്ച് നടന്ന രൂപതാ നേതൃത്വ ശിൽപ്പശാലയ്ക്ക് പ്രസിഡന്റ് ശ്രീ. ജോസുകുട്ടി മാടപ്പള്ളിൽ അദ്ധ്യക്ഷത വഹിച്ചു. മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം നിർവ്വഹിച്ചു. കത്തോലിക്കാ കോൺഗ്രസ് മുൻ രൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് കോയിക്കക്കുടി സെമിനാർ നയിച്ചു. ശ്രീ. ജോസഫ് കുര്യൻ ഏറമ്പടം, സംസ്ഥാന ഡയറക്ടർ ഫാ. ജിജോ കടവി, പ്രസിഡന്റ് അഡ്വ. ബിജു പറയനിലം, ട്രഷറർ ശ്രീ. വി. ജെ. പാപ്പച്ചൻ, ശ്രീ. ജോർജ് കോയിക്കൽ, ഫാ. ജോർജ് പാട്ടത്തേക്കുഴി, ഫാ. ജോബിൻ ഒഴാക്കാൽ CMI, ശ്രീ. ചുമ്മാർ മാത്യു തുണ്ടത്തിൽ, മാത്യൂസ് ഐക്കര, ശ്രീമതി ബീനാ അജി എന്നിവർ സംസാരിച്ചു.

### AKCC 16/18 സ്വീകരണം

ഇടുക്കി രൂപതയുടെ പുതിയ ഇടയനായി തിരഞ്ഞെടുക്കപ്പെട്ട അഭി. മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനും AKCC-യുടെ പുതിയ സംസ്ഥാന ഭാരവാഹികൾക്കും കാൽവരിമൗണ്ടിൽ വച്ച് സ്വീകരണം നൽകി.

### AKCC 17/18 മാർഗ്ഗരേഖാ പ്രകാശനം

രൂപതാ അർദ്ധവാർഷിക മാർഗ്ഗരേഖയുടെ അവതരണവും പ്രകാശനവും കാൽവരിമൗണ്ട് നേതൃസംഗമത്തിൽ വച്ച് കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന സെക്രട്ടറി ജോർജ് കോയിക്കൽ നിർവ്വഹിച്ചു. തുടർന്ന് നടന്ന ചർച്ചകൾക്ക് ശ്രീ. സണ്ണി കരിവേലിൽ, ശ്രീ. ജോസ് ഒഴുകയിൽ എന്നിവർ നേതൃത്വം നൽകി.

## AKCC 18/18 ശതാബ്ദി സമ്മേളനവും റാലിയും

മെയ് 13-ാം തിയതി തൃശൂരിൽ വച്ച് നടന്ന ശതാബ്ദി സമ്മേളനത്തിലും റാലിയിലും ഇടുക്കി രൂപതയെ പ്രതിനിധികരിച്ച് 26 ഇടവകകളിൽ നിന്നായി 1000 ത്തോളം അംഗങ്ങൾ പങ്കെടുത്തു. പങ്കെടുത്തവർക്കും സഹായിച്ചവർക്കും നന്ദിയും പ്രാർത്ഥനയും.

## AKCC 19/18 സംസ്ഥാന പ്രതിനിധി സമ്മേളനം

മെയ് 14-ാം തിയതി തൃശൂരിൽ നടന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ രൂപതയിൽനിന്ന് ശ്രീ. ജോസുകുട്ടി മാടപ്പിള്ളിൽ, ജോർജ് കോയിക്കൽ, ബേബി കൊടകല്ലിൽ എന്നിവർ പങ്കെടുത്തു.

## AKCC 20/18 ന്യൂനപക്ഷ അവകാശ ബോധവത്കരണം

യൂണിറ്റുകളെ ന്യൂനപക്ഷ വികസന പദ്ധതികളെപ്പറ്റി ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തോടെ രൂപത പാസ്റ്ററൽ സെന്ററിൽ വച്ച് തിരഞ്ഞെടുക്കപ്പെട്ടവർക്കായി പ്രത്യേക പരിശീലനം നടത്തി. മെയ് 29-ാം തിയതി 2 മണിക്ക് ആരംഭിച്ച പരിശീലന പരിപാടിയ്ക്ക് രൂപതാ പ്രസിഡന്റ് ജോസുകുട്ടി മാടപ്പിള്ളിൽ അദ്ധ്യക്ഷത വഹിച്ചു. മോൺ. ജോസ് പ്ലാച്ചിക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. മുൻ രൂപതാദ്ധ്യക്ഷൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അനുഗ്രഹ പ്രഭാഷണം നടത്തി. റിട്ട. ജോയിന്റ് സെക്രട്ടറി കെ.എ. ജോയി കടുമാക്കൽ, ജോസുകുട്ടി മാടപ്പിള്ളിൽ എന്നിവർ ക്ലാസ് നയിച്ചു. ഫാ. ജോർജ് പാട്ടത്തേക്കുഴി, ശ്രീ. ജോസഫ് കുര്യൻ ഏറമ്പടം, ശ്രീ. സണ്ണി കരിവേലിൽ എന്നിവർ നേതൃത്വം നൽകി.

## AKCC 21/18 ന്യൂനപക്ഷ അവകാശദിനം

ജൂലൈ 3 ദുക്റാന തിരുനാൾ ദിവസം കത്തോലിക്കാ കോൺഗ്രസ് ന്യൂനപക്ഷ അവകാശ ദിനമായി ആചരിച്ചു. ജൂലൈ 3, 8, 15 തിയതികളിലായി രൂപതയിലെ 16 യൂണിറ്റുകളിൽ ന്യൂനപക്ഷ അവകാശ സെമിനാർ നടത്തി.



## AKCC 22/18 ചുരുളി മേഖലാ സമ്മേളനം

ജൂലൈ 15-ാം തിയതി ചുരുളി ഫൊറോനാ പള്ളിയിൽ വച്ച് നടന്ന മേഖലാ സമ്മേളനത്തിന് മേഖലാ പ്രസിഡന്റ് ശ്രീ. വി.വി. ജോർജ് അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ. ജോസഫ് കുര്യൻ ഏറമ്പടം, മാത്യൂസ് ഐക്കര, സാന്റോ തളിപ്പറമ്പിൽ, ബേബി കൊടകല്ലിൽ എന്നിവർ സംസാരിച്ചു.

# ആത്മജ്യോതിയിലെ പരിപാടികൾ

**ആഗസ്റ്റ് 2018**

| | | |
|---|---|---|
| 03 | : | തിയോളജി കോഴ്സ് പൂർവ്വവിദ്യാർത്ഥി സംഗമം |
| 05 - 10 | : | എഫാത്ത ധ്യാനം |
| 10 - 12 | : | യുവജ്യോതി |
| 13 - 15 | : | വിവാഹ ഒരുക്ക ധ്യാനം |
| 17 - 19 | : | ഏലീശ്വാ നവോമി ധ്യാനം |
| 24 - 26 | : | വിവാഹ ഒരുക്ക ധ്യാനം |
| 27 - 31 | : | അഗാപ്പെ ധ്യാനം |

# ദീപിക ഫ്രണ്ട്സ് ക്ലബ് (DFC)

## DFC 1/18 യൂണിറ്റ് തിരഞ്ഞെടുപ്പ്

ദീപികയുടെ പ്രചരണം കൂടുതൽ സജീവമാക്കുന്നതിനായി എല്ലാ ഇടവകയിലും DFC യൂണിറ്റുകൾ ആരംഭിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ആഗസ്റ്റ് 04-ന് മുമ്പായി യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കണേ.

**DFC 2/18 റീജിയണൽ തിരഞ്ഞെടുപ്പ്**

ആഗസ്റ്റ് 05 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് എല്ലാ ഫൊറോന ദൈവാലയങ്ങളിലും വച്ച് റീജിയണൽ തിരഞ്ഞെടുപ്പ് നടത്തപ്പെടുന്നു. ഇടവകകളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളെ ഫൊറോനയിലേക്ക് പറഞ്ഞയക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**DFC 3/18 രൂപതാ കൗൺസിലും സോണൽ തിരഞ്ഞെടുപ്പും**

DFC രൂപതാ കൗൺസിലും സോണൽ തിരഞ്ഞെടുപ്പും ആഗസ്റ്റ് 11-ാം തിയതി ശനിയാഴ്ച രാവിലെ 10 മണിക്ക് കരിമ്പൻ സെന്റ് മേരീസ് പള്ളിയുടെ പാരീഷ്ഹാളിൽ വച്ച് നടത്തപ്പെടുന്നു. റീജിയൺ ഭരണസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എല്ലാ ഭാരവാഹികളും ഇതിൽ പങ്കെടുക്കാൻ പ്രദ്ധിക്കുമല്ലോ.

# അറിയിപ്പുകൾ

**പുതിയ സാരഥികൾ**

**Missionary Society of St. Thomas The Apostle (MST)**

1. Fr. Antony Perumanoor - Director General
2. Fr. Francis Kureeckal - Vice Director (First Councillor)
3. Fr. Thomas Karamel - Second Councillor
4. Fr. Justin Vettukallel - Third Councillor
5. Fr. Peter Kavumpuram - Fourth Councillor
6. Fr. Kuriakose Kunnel - Treasurer General





# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജൂലൈ 2018**

01 ബിഷപ്പ്സ് ഹൗസിൽ വച്ചു നടന്ന സഹവാസകൂട്ടായ്മ എക്സിക്യൂട്ടീവ് മിറ്റീംഗിൽ പങ്കെടുത്തു.

02 Eparchial Tribunal - ന്റെ മിറ്റീംഗിൽ പങ്കെടുത്തു.

03 ആയിരമേക്കർ ഇടവകയിൽ മാർ തോമ്മാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

07 അടിമാലി ആത്മജ്യോതിയിൽ വച്ചു നടന്ന പാസ്റ്ററൽ കൗൺസിൽ മിറ്റീംഗിൽ അദ്ധ്യക്ഷത വഹിച്ചു.

* സഹവാസകൂട്ടായ്മയുടെ എക്സിക്യൂട്ടീവ് മിറ്റീംഗിൽ പങ്കെടുത്തു.

08 കഞ്ഞിക്കുഴി പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും പുതിയതായി നിർമ്മിക്കുന്ന മതബോധനകേന്ദ്രത്തിന് തറക്കല്ലിടുകയും ചെയ്തു.

09 ധർമ്മഗിരി സെന്റ് ജോസഫ് നഴ്സിംഗ് കോളേജിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

11 കൈലാസം ഇടവകയിൽ തകടിയേൽ ജോസിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

14 കോതമംഗലം രൂപതാംഗമായ ഇമ്മാനുവേൽ കുര്യനാലച്ചന്റെ മരണത്തോടനുബന്ധിച്ച് വീട്ടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

* കോട്ടയം രൂപതയിലെ പുനഃസംഘടിപ്പിക്കപ്പെട്ട പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമ മിറ്റീംഗിൽ പങ്കെടുത്ത് സന്ദേശം നല്കി.

* വെള്ളയാംകുടി എഫ്.സി.സി. നിർമ്മൽ ജ്യോതി മഠത്തിന്റെ ചാപ്പൽ കൂദാശ ചെയ്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

15 കൊച്ചുകാമാക്ഷി ഇടവകയിൽ കുടുംബദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

* Jeevan Tea Factory സന്ദർശിക്കുകയും Excecutive Body Meeting - ൽ പങ്കെടുക്കുകയും ചെയ്തു.

16 മുരിക്കാശ്ശേരി CMC Novitiate House-ൽ കർമ്മലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

17-18 ഇടുക്കി രൂപതയിലെ വൈദികരുടെ സഹവാസ കൂട്ടായ്മയിൽ പങ്കെടുത്തു.

19 കോതമംഗലത്ത് വച്ച് ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടന്ന ജീവസമൃദ്ധി ക്യാൻസർ ബോധവൽകരണ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

21 CMC Province day-യോട് അനുബന്ധിച്ച് അടിമാലി CMC പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

* വാഴത്തോപ്പ് കത്തീഡ്രലിൽ വച്ച് ജോർദ്ദാനിയ മാമ്മോദീസായ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

22 ഭരണങ്ങാനത്ത് വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

23 മുരിക്കാശ്ശേരി സെന്റ് മേരീസ് സ്കൂൾ ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുന്നതിനോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി.

25 രൂപതാകേന്ദ്രത്തിൽ വച്ചു നടന്ന Presbyteral Council മിറ്റീംഗിന് അദ്ധ്യക്ഷത വഹിച്ചു.

* രൂപതാകേന്ദ്രത്തിൽ വച്ചു നടന്ന Provident Fund General Body മിറ്റീംഗിൽ പങ്കെടുത്തു.

* രൂപതാകേന്ദ്രത്തിൽ വച്ചു നടന്ന കരുണാശുപത്രി General Body മിറ്റീംഗിൽ പങ്കെടുത്തു.



# BISHOP'S ENGAGEMENTS

**ആഗസ്റ്റ് 2018**

| | | |
|---|---|---|
| 04 | | കുന്നോത്ത് മേജർ സെമിനാരി |
| 06 | 06.00 pm | വി. കുർബാന, CST സെമിനാരി, ആലുവ |
| 07-11 | | കെ.സി.ബി.സി. ധ്യാനം |
| 11 | 11.00 am | മാമോദീസ, ചേർപ്പുങ്കൽ |
| 12 | 09.00 am | വി. കുർബാന, മച്ചിപ്ലാവ് |
| 13 | 10.00 am | ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം, നെടുംങ്കണ്ടം |
| 15 | 11.00 am | ഗോൾഡൻ ജൂബിലി കുർബാന എഫ്.സി.സി. |
| * | 03.00 pm | വി. കുർബാന, ചുരുളി |
| 16 | 10.00 am | കെ.സി.ബി.സി. കരിസ്മാറ്റിക് കൺവെൻഷൻ, തോപ്രാംകുടി |
| 18 | 09.00 am | തിരുപ്പട്ടം, വെള്ളയാംകുടി |
| 20-31 | | സിനഡ്, കാക്കനാട് |

